VOL NO: 09
ISSUE 09
2025 MARCH 01
₹10

# നേർപഥം

വാരിക
www.nerpatham.com l mail@nerpatham.com

■ സകാത്ത്; സമ്പത്തിലെ പരീക്ഷണം



# ആത്മ സംസ്കരണത്തിന്റെ റമദാൻ

വ്യക്തിനിഷ്ഠമായ മനസ്സിന്റെ വൈകൃതങ്ങളാണ് വഴക്കായും സംഘട്ടനങ്ങളായും യുദ്ധമായും പരിണമിച്ച് ലോകസമാധാനത്തിന് വിഘാതമായിക്കൊണ്ടിരിക്കുന്നത്. റമദാൻ ആത്മസംസ്കരണത്തിന്റെ മാസമാണ്. അത് മനസ്സിനെയും മനുഷ്യരെയും ലോകമനഃസാക്ഷിയെയും വിമലീകരിച്ച് സമൂഹത്തെ ശുദ്ധപ്രകൃതിയിലേക്ക് തിരിച്ചുനടത്തുന്നു.

**വ്രതം; ആത്മീയതക്കും ആരോഗ്യത്തിനും**

**ദമ്പതികൾ പരസ്പരം സ്നേഹാദരവുകൾ കാണിക്കുക**

**മഹല്ല് കമ്മിറ്റികൾ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കണം**





GET IT ON Google Play

Download on the App Store


## പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0423

# നേർപഥം

വാരിക

2025 മാർച്ച് 01
1446 റമദാൻ 01
പുസ്തകം 09 / ലക്കം 09



Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**




ഹംസ ജമാലി

വ്യക്തിനിഷ്ഠമായ മനസ്സിന്റെ വൈകൃതങ്ങളാണ് വഴക്കായും സംഘട്ടനങ്ങളായും യുദ്ധമായും പരിണമിച്ച് ലോകസമാധാനത്തിന് വിഘാതമായിക്കൊണ്ടിരിക്കുന്നത്. റമദാൻ ആത്മസംസ്കരണത്തിന്റെ മാസമാണ്. അത് മനസ്സിനെയും മനുഷ്യരെയും ലോകമനഃസാക്ഷിയെയും വിമലീകരിച്ച് സമൂഹത്തെ ശുദ്ധപ്രകൃതിയിലേക്ക് തിരിച്ചുനടത്തുന്നു

**05** മുഖമൊഴി
മഹല്ല് കമ്മിറ്റികൾ
ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കണം

**06** ലേഖനം
സിഹ്ർ;
പിശാചുക്കളുടെ കുപ്രചരണം
അൻവർ അബൂബക്കർ

**09** കാഴ്ച
പാത്രം കഴുകുന്ന കൊച്ചുകുട്ടി
ഇബ്നു അലി, എടത്തനാട്ടുകര

**17** ഗാനം
റമദാനും സോഷ്യൽ മീഡിയയും
ഉസ്മാൻ പാലക്കാഴി

**18** ലേഖനം
നരേന്ദ്ര മോദിയുടെ 'സ്വകാര്യ' സന്ദർശനവും
ബാബരി വിധിയിലെ 'ദൈവിക' ഇടപെടലും
സുഫ്‌യാൻ അബ്ദുസ്സലാം

**21** ജവാബ്
നോമ്പ്; ചില സംശയങ്ങൾ
ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുസ്സജദ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**24** പഠനം
ഇണകളുടെ
ആവശ്യങ്ങൾ മനസ്സിലാക്കുക
അബൂറാഷിദ അൽകാസിമി, കുടയത്തൂർ

**26** ലേഖനം
വ്രതം; ആത്മീയതക്കും ആരോഗ്യത്തിനും
ഡോ. ടി. കെ. യൂസുഫ്

**29** ലേഖനം
സകാത്ത്; സമ്പത്തിലെ പരീക്ഷണം
കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ

**32** കുടുംബപഥം
ദമ്പതികൾ പരസ്പരം
സ്നേഹാദരവുകൾ കാണിക്കുക
ശമീർ മദീനി

**34** ബാലപഥം
നല്ല കൂട്ടുകാരൻ
റാഷിദ ബിൻത് ഉസ്മാൻ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ദക്ഷിണ കേരള മസ്ജിദ് കോൺഫറൻസ് തിരുവനന്തപുരത്ത് സമാപിച്ചു

തിരുവനന്തപുരം: മഹല്ലുകൾക്ക് നിർവഹിക്കുവാൻ ഒട്ടേറെ ഉത്തരവാദിത്തങ്ങളുണ്ട്. ഖേദകരമെന്നു പറയട്ടെ, ഒട്ടുമിക്ക മഹല്ലുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. മുഅദ്ദിനും ഇമാമിനും ഖത്വീബിനും ശമ്പളം കൊടുക്കുക, അതിന് വരുമാനം കണ്ടെത്തുക എന്നതിലൊതുങ്ങുന്നു പല പള്ളിക്കമ്മിറ്റികളുടെയും പ്രവർത്തനം. ഇക്കാര്യത്തിൽ അവബോധം നൽകുവാനാണ് വിസ്ഡം മസ്ജിദ് കോൺഫറൻസ് സംഘടിപ്പിച്ചു വരുന്നത്.

ദക്ഷിണ കേരള മസ്ജിദ് കോൺഫറൻസ് തിരുവനന്തപുരത്ത് വെച്ചാണ് നടന്നത്. വർധിച്ച് വരുന്ന കുറ്റകൃത്യങ്ങളെ ചെറുക്കുന്നതിൽ മഹല്ലുകൾക്കുള്ള ഉത്തരവാദിത്തം ഓർമപ്പെടുത്തിക്കൊണ്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. മസ്ജിദുകളുടെ ആത്മീയവും ഭൗതികവുമായ ഔന്നിത്യത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് മഹല്ലുകൾക്കൊരു മാർഗരേഖ എന്ന വിഷയം ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് അവതരിപ്പിച്ചു. 'എന്തുകൊണ്ട് സലഫി മസ്ജിദ്' എന്ന വിഷയത്തിൽ മുജാഹിദ് ബാലുശ്ശേരി സംസാരിച്ചു.

വിവാഹരംഗത്ത് വർധിച്ച് വരുന്ന ആഭാസങ്ങൾ ചെറുക്കുന്നതിൽ മഹല്ലിന്റെ ബാധ്യത, വക്ഫ് സ്വത്ത് നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണികൾ, പള്ളിയുടെ ഫലപ്രദമായ സംഘാടനം, പൊതുജന സൗഹൃദമാകേണ്ട പള്ളികൾ, സകാത്ത് സെൽ, ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി പള്ളിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ടീം ചർച്ചക്ക് വിധേയമാക്കി.

എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള മസ്ജിദുകളുടെ മുഖ്യഭാരവാഹികൾ മാത്രമാണ് സമ്മേളനത്തിലേക്ക് ക്ഷണിക്കപ്പെട്ടത്. ഉത്തരകേരള മസ്ജിദ് കോൺഫറൻസ് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് നടന്നതിന്റെ തുടർച്ചയായാണ് ഇത് സംഘടിപ്പിച്ചത്. ■

# വിസ്ഡം ഫാമിലി കോൺഫറൻസ് സംസ്ഥാനതല സമാപനം ശ്രദ്ധേയമായി

തിരുവനന്തപുരം: 'വിശ്വാസ വിശുദ്ധി, സംതൃപ്ത കുടുംബം' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ഫാമിലി കോൺഫറൻസ് ഉജ്ജ്വലമായി. സമകാലിക കുടുംബങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും ചർച്ച ചെയ്ത കോൺഫറൻസിന്റെ സംസ്ഥാനതല സമാപനമാണ് തിരുവനന്തപുരത്ത് നടന്നത്.

സംസ്ഥാനത്തെ ക്യാമ്പസുകൾ കേന്ദ്രീകരിച്ച് ലഹരി വ്യാപാരവും ഉപയോഗവും വർധിച്ച് വരുന്നതിനെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കണമെന്ന് ഫാമിലി കോൺഫറൻസ് ആവശ്യപ്പെട്ടു. പെൺകുട്ടികളെ പോലും ലഹരി വസ്തുക്കളുടെ വിതരണക്കാരായി ഉപയോഗപ്പെടുത്തുന്നു എന്നത് സമൂഹം ഗൗരവമായി കാണണം. പവിത്രമായ കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുന്ന പ്രവണതകൾക്കെതിരെ സമൂഹം ജാഗ്രത പാലിക്കണമെന്നും കോൺഫറൻസ് ആവശ്യപ്പെട്ടു.

വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് നസീർ വള്ളക്കടവ് ആധ്യക്ഷ്യം വഹിച്ചു. മന്ത്രി വി. ശിവൻകുട്ടി, മുൻ എം.പി കെ. മുരളീധരൻ എന്നിവർ മുഖ്യാതിഥികളായി. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, മുജാഹിദ് ബാലുശ്ശേരി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

യു.എ.ഇ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസിഡന്റ് ഹുസൈൻ സലഫി ഷാർജ പ്രമേയ പ്രഭാഷണം നിർവഹിച്ചു. വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് ഹാറൂൺ വള്ളക്കടവ്, വിസ്ഡം സ്റ്റുഡൻസ് ജില്ലാ സെക്രട്ടറി അൽഫഹദ് പൂന്തുറ എന്നിവർ ആശംസകൾ അർപ്പിച്ചു. ജില്ലാ സെക്രട്ടറി നസീർ മുള്ളിക്കാട് സ്വാഗതവും ജില്ലാ ട്രഷറർ അബ്ദുല്ല കേശവദാസപുരം നന്ദിയും പറഞ്ഞു. ■

# മഹല്ല് കമ്മിറ്റികൾ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കണം

മദീനയിലെ, പ്രവാചകന്റെ പള്ളി; അവിടെ അഞ്ചുനേരം സംഘടിത നമസ്കാരം നടന്നിരുന്നു. നബി(സ്വ) അവിടെവെച്ച് അനുചരന്മാർക്ക് അറിവ് പകർന്നുകൊടുത്തിരുന്നു. ഇസ്‌ലാമിന്റെ വെളിച്ചമന്വേഷിച്ച് ആൺ-പെൺ വ്യത്യാസമില്ലാതെ അവിടെ ചെന്നിരുന്നു. സകാത്തിന്റെ ശേഖരണ-വിതരണ കേന്ദ്രം അതായിരുന്നു. അത് പ്രവാചകന്റെ ഭരണ സിരാകേന്ദ്രവുമായിരുന്നു. നബി(സ്വ) ജനങ്ങളുടെ പരാതികളിൽ വാദം കേട്ട് തീർപ്പു കൽപിക്കുവാനും മസ്ജിദുന്നബവിയെ വേദിയാക്കിയിരുന്നു. നിവേദക സംഘങ്ങൾക്ക് അവിടെ ആതിഥ്യമരുളിയിരുന്നു.

അത് ജനങ്ങളുടെ ആശാകേന്ദ്രമായിരുന്നു. സമഭാവനയും സാഹോദര്യവും നിറഞ്ഞ അന്തരീക്ഷം. വിശ്വാസികൾക്കാർക്കും അവിടെ യാതൊരു വിവേചനവും അനുഭവപ്പെട്ടില്ല. പ്രമാണിമാർക്ക് സ്ഥിരമായി 'റിസർവ്' ചെയ്യപ്പെട്ട പ്രത്യേകം സ്ഥാനമില്ലായിരുന്നു.

ഇന്ന് നമ്മുടെ നാട്ടിലെ മിക്ക പള്ളികളിലെയും അവസ്ഥയെന്താണ്? പൂജക്ക് നടതുറക്കുകയും പൂജ കഴിഞ്ഞാലുടൻ കൊട്ടിയടക്കുകയും ചെയ്യുന്ന ക്ഷേത്രങ്ങൾ പോലെ! നമസ്കാരത്തിന് തുറക്കും; കഴിഞ്ഞാലുടൻ അടക്കും. പല പള്ളികളിലും സുബ്ഹി നമസ്കാരം കഴിഞ്ഞാൽ അൽപസമയം ഇരുന്ന് ക്വുർആൻ ഓതാനോ ഇശ്റാഖ് നമസ്കാരം വരെ കാത്തിരിക്കാനോ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം നൽകാതെ ജമാഅത്ത് കഴിഞ്ഞാൽ ഉടൻ പള്ളി പൂട്ടുന്നു!

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സംരക്ഷണമാണ് യാഥാസ്ഥിതിക മഹല്ല് കമ്മിറ്റിക്കാരുടെ മുഖ്യ അജണ്ട! നേർച്ചയുടെയും റാത്തീബിന്റെയും നബിദിനാഘോഷത്തിന്റെയും പേരിൽ ലഭിച്ച മാംസത്തിന്റെയും അരിയുടെയും പണത്തിന്റെയും കണക്ക് നോട്ടീസ് ബോർഡിൽ പതിച്ച് തങ്ങൾ സമുദായത്തിനുവേണ്ടി മഹത്തായ സേവനം നിർവഹിച്ചിരിക്കുന്നു എന്ന് അവർ സ്വയം സംതൃപ്തിയടയുന്നു.

മഹല്ലിൽ നടക്കുന്ന വിവാഹങ്ങൾക്ക് കാർമികത്വം വഹിക്കാൻ ഖത്വീബിനെ ഏൽപിക്കുക, വിവാഹരജിസ്റ്ററുമായി 'മുക്രി'യെ കൂടെ അയക്കുക, മഹല്ലിനെ ഭരിക്കുന്നവർ എന്ന നിലയിൽ വിവാഹ വീട്ടിലും മരണം നടന്ന വീട്ടിലും നിറഞ്ഞുനിൽക്കുക, മരിച്ചാൽ മറമാടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, ഖത്വീബ്, മുഅദ്ദിൻ, ഇമാം എന്നിവരെ നിയമിക്കുക, അവരുടെ വേതനം നിശ്ചയിക്കുക... തുടങ്ങിയ കാര്യങ്ങളിലൊതുങ്ങുന്നു മിക്ക മഹല്ല് കമ്മിറ്റികളുടെയും പ്രവർത്തനം.

മരിച്ചാൽ പള്ളിയിലെ മയ്യിത്തുകട്ടിൽ, പള്ളിക്കാട്ടിലെ ആറടിമണ്ണ്, നിക്കാഹ് നടത്താൻ മൗലവി അല്ലെങ്കിൽ മുസ്‌ലിയാർ, മഹല്ലിന്റെ വിവാഹ രജിസ്റ്ററിൽ അത് രേഖപ്പെടുത്തൽ, സകാത്തിന്റെയും ഫിത്വ്ർ സകാത്തിന്റെയും ഉദുഹിയ്യത്ത് മാംസത്തിന്റെയും ഓഹരി ലഭിക്കൽ... ഇതൊക്കെയേ സാധാരണക്കാരും പാവങ്ങളുമായ മഹല്ല് മെമ്പർമാർ മഹല്ലിൽനിന്ന് പ്രതീക്ഷിക്കുന്നുമുള്ളൂ. കാരണം പരമ്പരാഗതമായി ആളുകളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ചിത്രം അതാണ്.

നിക്കാഹ് നടത്തിക്കൊടുക്കാനും അതിന്റെ പേരിൽ കണക്കുപറഞ്ഞ് 'ഫീസ്' വാങ്ങാനും ഉൽസാഹം കാണിക്കുന്ന കമ്മിറ്റിക്കാർ മഹല്ലിൽ അവിവാഹിതരായി കഴിയുന്ന യുവതികളുടെയും യുവാക്കളുടെയും കണക്കെടുക്കാനും അവരുടെ വിവാഹം നടക്കുന്നതിന് തടസ്സമെന്തെന്ന് അന്വേഷിച്ച് ക്രിയാത്മകമായി ഇടപെടാനും തയ്യാറാകുന്നുണ്ടോ? മഹല്ലിലെ യുവാക്കളുടെ ഭൗതിക വിദ്യാഭ്യാസത്തിന്റെയും ജോലിയുടെയും കാര്യത്തിൽ എന്ത് ഇടപെടലാണ് മഹല്ല് കമ്മിറ്റികൾ നടത്തുന്നത്?

ഒരു രോഗിക്ക് അടിയന്തിരമായി രക്തം കയറ്റണം. എന്തു ചെയ്യും? ആരോട് ചോദിക്കും? പ്രാദേശിക ക്ലബ്ബുകളുടെയും മറ്റും സഹായം തേടും. എന്നാൽ മഹല്ല് കമ്മിറ്റിക്ക് രക്തം ദാനം ചെയ്യാൻ തയ്യാറുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിക്കൂടേ? അങ്ങനെ പള്ളിക്കമ്മിറ്റി മുഖേന ആ ആവശ്യം നിറവേറുന്ന അവസ്ഥയുണ്ടാക്കിക്കൂടേ? ഇങ്ങനെ എത്രയോ കാര്യങ്ങൾ ചെയ്യാനുണ്ട്.

അൻവർ അബൂബക്കർ
: 98468 76386




# സിഹ്ർ;
## പിശാചുക്കളുടെ കുപ്രചരണം

സുലൈമാൻ നബി(അ)ക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഭൂലോകത്ത് ആർക്കും ലഭിക്കാത്തതും അത്ഭുതകരവും അതിമഹത്തരവുമായിരുന്നു. സുലൈമാൻ നബി(അ)യുടെ രാജവാഴ്ച സിഹ്റിലൂടെ നേടിയെടുത്തതാണെന്ന് പിശാചുക്കൾ പ്രചരിപ്പിച്ചു. ജനങ്ങൾക്കിടയിൽ അത്രമാത്രം സ്വീകാര്യത ലഭിച്ച ഒരു ദുഷിച്ച ഏർപ്പാടായിരുന്നു സിഹ്ർ. യഹൂദികൾ സിഹ്റിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും സുലൈമാൻ നബി(അ)യെ മാരണം കൈകാര്യ ചെയ്തിരുന്ന വിദഗ്ധനായ ഒരു രാജാവായി പരിചയപ്പെടുത്തുകയും ചെയ്തു. അല്ലാഹു കൊടുത്ത മികച്ച ദൃഷ്ടാന്തങ്ങളെ സിഹ്റിലൂടെ നേടിയെടുത്ത കഴിവുകളായി ചിത്രീകരിച്ചുകൊണ്ട് പിശാചുക്കളാണ് ജനങ്ങൾക്കിടയിൽ ഈ തെറ്റായ വാർത്ത ആദ്യം പ്രചരിപ്പിച്ചത്.

സംഭവം ഇങ്ങനെ: സുലൈമാൻ നബി(അ)യുടെ രാജവാഴ്ചക്ക് മുമ്പ് ജനങ്ങൾ സിഹ്റിന്റെ പ്രവർത്തനങ്ങളിൽ ധാരാളമായി മുഴുകിയിരുന്നു. ഈയൊരു കൃത്യം ജനങ്ങൾക്കിടയിൽ വ്യാപകമാക്കുന്ന

സുലൈമാൻ നബി(അ)യുടെ രാജവാഴ്ച സിഹ്റിലൂടെ നേടിയെടുത്തതാണെന്ന് പിശാചുക്കൾ പ്രചരിപ്പിച്ചു. ജനങ്ങൾക്കിടയിൽ അത്രമാത്രം സ്വീകാര്യത ലഭിച്ച ഒരു ദുഷിച്ച ഏർപ്പാടായിരുന്നു സിഹ്ർ. യഹൂദികൾ സിഹ്റിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും സുലൈമാൻ നബി(അ)യെ മാരണം കൈകാര്യ ചെയ്തിരുന്ന വിദഗ്ധനായ ഒരു രാജാവായി പരിചയപ്പെടുത്തുകയും ചെയ്തു. അല്ലാഹു കൊടുത്ത മികച്ച ദൃഷ്ടാന്തങ്ങളെ സിഹ്റിലൂടെ നേടിയെടുത്ത കഴിവുകളായി ചിത്രീകരിച്ചുകൊണ്ട് പിശാചുക്കളാണ് ജനങ്ങൾക്കിടയിൽ ഈ തെറ്റായ വാർത്ത ആദ്യം പ്രചരിപ്പിച്ചത്.

തിന് ആവശ്യമായുള്ള എല്ലാ സഹായങ്ങളും പിശാചുക്കൾ മാരണം ചെയ്തുകൊടുക്കുന്നവർക്ക് ചെയ്തുകൊടുത്തിരുന്നു. പൊതുവിൽ ഇതെങ്ങനെ സംഭവിക്കുന്നു എന്നത് നബി (സ്വ) പഠിപ്പിച്ചു തന്നിട്ടുള്ളതാണ്.

عَنْ أَبِي هُرَيْرَةَ رضي الله عنه أن النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : (إِذَا قَضَى اللَّهُ الْأَمْرَ فِي السَّمَاءِ ضَرَبَتْ الْمَلَائِكَةُ بِأَجْنِحَتِهَا خُضْعَانًا ؛ لِقَوْلِهِ كَالسِّلْسِلَةِ عَلَى صَفْوَانٍ ، قَالَ عَلِيٌّ (أي : علي ابن المديني) ، وَقَالَ غَيْرُهُ : صَفْوَانٍ يَنْفُذُهُمْ ذَلِكَ ( فَإِذَا فُزِّعَ عَنْ قُلُوبِهِمْ قَالُوا مَاذَا قَالَ رَبُّكُمْ قَالُوا لِلَّذِي قَالَ الْحَقَّ وَهُوَ الْعَلِيُّ الْكَبِيرُ) ، فَيَسْمَعُهَا مُسْتَرِقُو السَّمْعِ وَمُسْتَرِقُو السَّمْعِ هَكَذَا وَاحِدٌ فَوْقَ آخَرَ ، وَوَصَفَ سُفْيَانُ (أي : سفيان ابن عيينة ) بِيَدِهِ وَفَرَّجَ بَيْنَ أَصَابِعِ يَدِهِ الْيُمْنَى نَصَبَهَا بَعْضَهَا فَوْقَ بَعْضٍ فَرُبَّمَا أَدْرَكَ الشِّهَابُ الْمُسْتَمِعَ قَبْلَ أَنْ يَرْمِيَ بِهَا إِلَى صَاحِبِهِ فَيُحْرِقَهُ وَرُبَّمَا لَمْ يُدْرِكْهُ حَتَّى يَرْمِيَ بِهَا إِلَى الَّذِي يَلِيهِ إِلَى الَّذِي هُوَ أَسْفَلَ مِنْهُ حَتَّى يُلْقُوهَا إِلَى الْأَرْضِ ، فَتُلْقَى عَلَى فَمِ السَّاحِرِ فَيَكْذِبُ مَعَهَا مِائَةَ كَذْبَةٍ فَيُصَدَّقُ فَيَقُولُونَ : أَلَمْ يُخْبِرْنَا يَوْمَ كَذَا وَكَذَا يَكُونُ كَذَا وَكَذَا فَوَجَدْنَاهُ حَقًّا لِلْكَلِمَةِ الَّتِي سُمِعَتْ مِنَ السَّمَاءِ . وروى البخاري (4701)

അബൂ ഹുറയ്റ(റ) നിവേദനം, പ്രവാചകൻ(സ്വ) പറഞ്ഞു: "അല്ലാഹു ആകാശത്തിൽ വെച്ച് ഒരു കാര്യം തീരുമാനിക്കുകയും ആ തീരുമാനം മലക്കുകളെ അറിയിക്കുകയും ചെയ്താൽ, മലക്കുകൾ അവന്റെ കൽപനക്ക് വിധേയത്വം കാണിച്ചുകൊണ്ട് ചിറകുകൾ അടിക്കും. ഒരു മിനുസായ വെള്ളക്കല്ലിൻമേൽ ചങ്ങല വലിക്കുന്ന ശബ്ദം പോലെയായിരിക്കുമത്. മലക്കുകളുടെ ഹൃദയങ്ങളിൽ നിന്ന് നടുക്കം നീങ്ങിപ്പോയാൽ അവർ പരസ്പരം ചോദിക്കും: 'എന്താണ് നിങ്ങളുടെ രക്ഷിതാവ് പറഞ്ഞത്?' അല്ലാഹുവിന്റെ കൽപന ചൂണ്ടിക്കാട്ടികൊണ്ട് അവർ പറയും: 'സത്യമാണ് അവൻ കൽപിച്ചിരിക്കുന്നത്. അവൻ അത്യുന്നതനും മഹാനുമത്രെ.' കട്ടുകേൾക്കാനിരിക്കുന്ന പിശാചുക്കൾ ഈ സംഭാഷണം കേൾക്കും. കട്ടുകേൾക്കുന്നവർ ഒരുത്തന്റെ മീതെ മറ്റൊരുത്തനായി നിലകൊണ്ടാണ് അപ്രകാരം ചെയ്യുക. നിവേദകൻ (സുഫ്യാൻ) തന്റെ വിരലുകൾകൊണ്ട് ഈ രീതി വിവരിച്ചു. ചിലപ്പോൾ ഏറ്റവും മുകളിലിരുന്നു കട്ടുകേൾക്കുന്നവന് താൻ കേട്ടത് തന്റെ അടുത്തിരിക്കുന്ന പിശാചിന് എത്തിച്ചുകൊടുക്കും മുമ്പുതന്നെ അഗ്നികൊണ്ടുള്ള ഏറ് കിട്ടും. അപ്പോൾ അവർ കത്തിക്കരിഞ്ഞുപോകും. ചിലപ്പോൾ അവൻ തന്റെ അടുത്ത ആൾക്ക് കൊടുത്തുകഴിഞ്ഞ ശേഷമായിരിക്കും അവന് അഗ്നികൊണ്ടുള്ള ഏറ് കിട്ടുക. അപ്പോഴേക്കും ആ വിവരം അടുത്തുള്ളവർക്ക് അവൻ പകർന്ന് അവസാനം ഭൂമിയിലേക്ക് ആ വാർത്ത എത്തിക്കും. അവസാനം അത് മാരണക്കാരന് നൽകും. അവൻ അതിന്റെ കൂടെ നൂറ് നുണകൾ കൂട്ടിപ്പറയും. അന്നേരം ജനങ്ങൾ അവന്റെ വാക്ക് വിശ്വസിക്കും. 'ഇന്നദിവസം ഇന്നത് സംഭവിക്കുമെന്ന് അയാൾ നമ്മോട് പ്രവചിച്ചിരുന്നില്ലേ? അത് സത്യമായി ഇപ്പോൾ പുലർന്നത് നാം കണ്ടു കഴിഞ്ഞല്ലോ' എന്ന് ജനങ്ങൾ പറയാൻ തുടങ്ങും. വാസ്തവത്തിൽ ആകാശത്തുനിന്ന് പിശാചുക്കൾ കട്ടുകേട്ട വാർത്തയായിരിക്കും

അത്'' (ബുഖാരി 4701).

സുലൈമാൻ നബി(അ)യുടെ കാലഘട്ടത്തിലും, നേരത്തെ സൂചിപ്പിച്ച സംഭവങ്ങൾ പിശാചുക്കളുടെ ഇടപെടലിൽ തുടരുകയും ശക്തിപ്പെടുകയും ചെയ്തു. പിശാചുകൾ നൽകുന്ന കെട്ടുകഥകളും സാഹിറുകൾ സ്വന്തം കൈകൊണ്ട് കെട്ടിച്ചമച്ച കള്ളങ്ങളും ജനങ്ങൾ എഴുതിവെച്ച് പലതരത്തിലാക്കി. ഇതുവഴി, സിഹ്റിന്റെ പ്രവർത്തനമേഖലയും സ്വാധീനവുമെല്ലാം അവർ വിപുലീകരിച്ചു. എത്രത്തോളമെന്നാൽ, ഗൈബിയായ (അദൃശ) കാര്യങ്ങൾ ജിന്നുകൾക്കും മാരണക്കാരനുമൊക്കെ അറിയാമെന്ന ജൽപനങ്ങൾ ഇസ്രാഈൽ ജനതയിൽപെട്ട സാഹിറുകൾ സാധാരണക്കാരിലേക്ക് ഇട്ടുകൊടുത്തു. ഈ തെറ്റായ വിശ്വാസം ബാബിലോണിലെ ജനങ്ങളിൽ അധികം വൈകാതെ ആഴത്തിൽതന്നെ വേരൂന്നി. അതിന്റെ ഫലമായി, സത്യനിഷേധം നിറഞ്ഞ തെറ്റായ ഉപദേശങ്ങൾ അനുസരിച്ച് ജീവിതം നയിച്ച ഒരു വഴിതെറ്റിയ സമൂഹം അവിടെയുണ്ടായി.

ഈ കാലഘട്ടത്തിൽ സുലൈമാൻ നബി (അ) അവരിലേക്കും പ്രവാചകനായി നിയോഗിക്കപ്പെട്ടു. സിഹ്റിനെക്കുറിച്ച് രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളും മറ്റും സുലൈമാൻ നബി(അ) തന്റെ എല്ലാ അധികാരങ്ങളും ശക്തിയും ഉപയോഗപ്പെടുത്തി ശേഖരിച്ചു. അവ ഒരിക്കലും ജനങ്ങളുടെ കൈകളിൽ എത്താതിരിക്കാൻ, അദ്ദേഹം അവയെല്ലാം ഭൂമിക്കടിയിൽ കുഴിച്ചിടുകയും ചെയ്തു. അതിനുശേഷം, പ്രവാചകനും രാജാവുമായ സുലൈമാൻ നബി(അ) ജനങ്ങളോട് പ്രഖ്യാപിച്ചു: 'ആരെങ്കിലും പിശാചുകൾക്ക് (ഗൈബ്) അദൃശ്യജ്ഞാനം അറിയാം എന്ന് വാദിച്ചാൽ, ഞാൻ അവരുടെ തല കൊയ്തെടുക്കും!' ഈ ശക്തമായ നടപടിയിലൂടെ, ആ കാലഘട്ടത്തിലെ ജനങ്ങളെ സിഹ്റിന്റെ ആപത്തുകളിൽ നിന്ന് രക്ഷപ്പെടുത്താൻ സുലൈമാൻ നബി (അ)ക്ക് സാധിച്ചു.

സുലൈമാൻ നബി(അ)യുടെ മരണശേഷം, പിശാചുക്കൾ വീണ്ടും ജനങ്ങളെ വഴിതെറ്റിക്കാൻ സിഹ്റിന്റെ അതേ പ്രവർത്തനങ്ങളുമായി രംഗത്തെത്തി. സുലൈമാൻ നബി(അ)യുടെ രാജവാഴ്ചയ്ക്കിടെ, ജിന്നുകൾ അദ്ദേഹത്തിന് കീഴടങ്ങിയതും കാറ്റിനെയും പക്ഷികളെയുമെല്ലാം നിയന്ത്രിക്കാൻ കഴിഞ്ഞതുമെതെല്ലാം സുലൈമാൻ നബി(അ) പഠിച്ച സിഹ്റിന്റെ ഫലമാണെന്ന് പിശാചുകൾ പ്രചരിപ്പിച്ചു. സുലൈമാൻ നബി(അ) ഭൂമിക്കടിയിൽ കുഴിച്ചിട്ടത്, അദ്ദേഹം പഠിച്ച വിജ്ഞാനങ്ങളാണെന്ന് പിശാചുകൾ ജനങ്ങളിൽ പ്രചരിപ്പിച്ചു. അവയെ വീണ്ടും പുറത്തെടുക്കാൻ കഴിയുമെങ്കിൽ, സുലൈമാൻ നബി(അ)യെപ്പോലെ മറ്റുള്ളവർക്കും അതേ ശക്തിയും പ്രയോജനങ്ങളും ലഭിക്കുമെന്ന് അവർ ജനങ്ങളെ വിശ്വസിപ്പിച്ചു. ഈ പ്രചാരണത്തിന്റെ ഫലമായി, സുലൈമാൻ നബി (അ) കുഴിച്ചുമൂടിയ സിഹ്റിന്റെ ഭാണ്ഡങ്ങൾ വീണ്ടും ജനങ്ങൾ കൈമാറിത്തുടങ്ങി. അങ്ങനെ, സിഹ്ർ യഹൂദർക്കിടയിൽ വീണ്ടും വ്യാപകമായി, ജനങ്ങൾ കൂട്ടത്തോടെ അതിൽ ആസക്തരാവുകയും കുഫ്റിലേക്ക് വഴുതിപ്പോകുകയും ചെയ്തു. അതാണ് അല്ലാഹു പറഞ്ഞത്:

وَاتَّبَعُوا مَا تَتْلُو الشَّيَاطِينُ عَلَىٰ مُلْكِ سُلَيْمَان

"സുലൈമാന്റെ രാജവാഴ്ചയെപ്പറ്റി പിശാചുക്കൾ പറഞ്ഞുപരത്തികൊണ്ടിരുന്നതിനെ അവർ പിൻപറ്റുകയും ചെയ്തു."

ഇവിടെ എന്താണ് സംഭവിച്ചത്? ഇസ്രാഈൽ ജനതയെ വഴിതെറ്റിക്കാൻ പിശാചുക്കൾ പണിയെടുക്കുകയായിരുന്നു. സുലൈമാൻ നബി(അ)യുടെ ഭരണകൂടവും അല്ലാഹു അദ്ദേഹത്തിന് നൽകിയ മറ്റു അനുഗ്രഹങ്ങളും സിഹ്റിലൂടെ നേടിയെടുത്തതാണെന്ന് പിശാചുക്കൾ വ്യാജ ആരോപണം നടത്തുകയും ജനങ്ങൾ ഈ തെറ്റായ പ്രചാരണത്തിന് അടിമപ്പെടുകയും സിഹ്ർ എന്ന വഞ്ചനയിലേക്ക് വീണ്ടും വഴുതിപ്പോകുകയും ചെയ്തു. എന്നാൽ അല്ലാഹു അവന്റെ ദാസനായ സുലൈമാൻ നബി(അ)യെ പരിശുദ്ധനാക്കികൊണ്ട് പറഞ്ഞു:

وَمَا كَفَرَ سُلَيْمَانُ وَلَٰكِنَّ الشَّيَاطِينَ كَفَرُوا يُعَلِّمُونَ النَّاسَ السِّحْرَ

"സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും, മനുഷ്യർക്ക് സിഹ്ർ പഠിപ്പിച്ചുകൊണ്ട് പിശാചുക്കളാണ് അവിശ്വസിച്ചത്" (അൽബഖറ 102).

ഇബ്നു അലി
എടത്തനാട്ടുകര
: 94461 51577



# പാത്രം കഴുകുന്ന കൊച്ചുകുട്ടി

ആ കൊച്ചുകുട്ടി പാത്രം കഴുകുന്ന കാഴ്ച സത്യത്തിൽ എന്നെ ഞെട്ടിച്ചു. രാത്രി ഒരു സംഘടിത ഔദ്യോഗിക യാത്ര തുടങ്ങുന്നതിന് മുമ്പ് സഹപ്രവർത്തകന്റെ വീട്ടിൽനിന്ന് ഭക്ഷണം കഴിച്ച നേരത്താണ് കണ്ടത്. അയാളുടെ മോളാണ് നഴ്സറിയിൽ പഠിക്കുന്ന ആ കുട്ടി. വീട്ടിലെ എല്ലാവരും അവനവൻെറ പ്ലേറ്റ് കഴുകി അടുക്കളയിൽ വയ്ക്കുന്നു. ഭക്ഷണത്തിനുശേഷം ഞാനും പാത്രം കഴുകാൻ എഴുന്നേറ്റു. വേണ്ട എന്ന് പറഞ്ഞ് എന്നെ മുടക്കിയെങ്കിലും ശബ്ദത്തിന് അത്ര ഉറപ്പ് ഉണ്ടായിരുന്നില്ല. കൊച്ചുകുട്ടി പോലും പാത്രം മോറുമ്പോൾ, അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആ കുട്ടിയെക്കാൾ ചെറുതാകില്ലേ ഞാൻ!

അന്വേഷിച്ചപ്പോൾ അറിഞ്ഞു, ആ വീട്ടിൽ അവനവൻ കഴിച്ച പാത്രം കഴുകുക എന്ന ശീലം എത്രയോ കാലമായി തുടരുന്നു എന്ന്.

സ്വന്തം വീട്ടിൽ അന്നം കഴിച്ച പ്ലേറ്റുകൾ സ്വയം കഴുകുന്ന ശീലം എത്ര പേർക്കുണ്ട്? പൊതുവെ വീട്ടുകാരിയുടെ ജോലിയാണ് അത് എന്നാണ് വയ്പ്. പെൺമക്കൾ സഹായിച്ചാലായി എന്ന് മാത്രം. ഭർത്താവും ആൺ മക്കളും ഈ പണിയെടുക്കുന്നത് മോശമായി കാണുന്നു. സ്വന്തം പാത്രം വൃത്തിയാക്കാതിരിക്കുന്ന ശീലം ഇല്ലാതിരിക്കാൻ കാരണം ഗൃഹനാഥയാണെന്നു തന്നെ പറയണം. മക്കളെ, പ്രത്യേകിച്ച് ആൺകുട്ടികളെ കൊണ്ട് ചെയ്യിക്കില്ല, ശീലിപ്പിക്കില്ല. അഥവാ അവർ ഒരുങ്ങിയാൽ അത് മുടക്കുകയും ചെയ്യും. മരുമക്കളുള്ള വീടാണെങ്കിൽ അത് അവരുടെ പണിയാണെന്നാണ് കണക്ക്. വിവാഹിതനായ മകനെങ്ങാനും അടുക്കളയിൽ സഹായിച്ചാൽ അവനെ പെൺകോന്തൻ എന്നു മുദ്രകുത്തുകയും ചെയ്യും.

കാൽ നൂറ്റാണ്ട് മുമ്പ് ഒരു ഒരു റസിഡൻഷ്യൽ കോഴ്സിന് ചേർന്നപ്പോഴാണ് സത്യത്തിൽ പാത്രം കഴുകുക എന്ന സംഗതിയുടെ പ്രാധാന്യവും ഗൗരവവും പിടികിട്ടിയത്. അവനവൻ ഭക്ഷണം കഴിച്ച പാത്രങ്ങൾ കഴുകി യഥാസ്ഥാനത്ത് വയ്ക്കണമായിരുന്നു അവിടെ. അന്ന് തുടങ്ങിയ ശീലം പൂർണമല്ലെങ്കിലും തുടർച്ചയില്ലെങ്കിലും ഇന്നും കൂടെയുണ്ട്. വീട്ടിൽ ആൺമക്കൾക്കുമുണ്ട് ഈ ശീലം.

അടുക്കളയിൽ സഹായിക്കുക എന്നത് പുണ്യപ്രവൃത്തി കൂടിയാണ്. പ്രവാചകൻ (സ്വ) ഇത്തരത്തിൽ സഹായിച്ചിരുന്ന ചരിത്രം കേൾക്കാത്തവർ കുറവാകും.

ഗൃഹനാഥ ജോലിക്കാരി കൂടിയാണെങ്കിൽ അതിനായി പോകുന്നതിനു മുമ്പും കഴിഞ്ഞ് വന്നതിനുശേഷവും അടുക്കളയിലെ അങ്കം പറയാനില്ല. സമയത്തോട് പൊരുതി യുദ്ധകാലാടിസ്ഥാനത്തിൽ എല്ലാ പണിയും പൂർത്തിയാക്കാനുള്ള വെപ്രാളം പറഞ്ഞറിയിക്കാൻ കഴിയില്ല. അന്നേരം ഒരു കൈ സഹായിക്കുക എന്നത് സൽകർമം കൂടിയാകുന്നു. അവനവന്റെ ഭക്ഷണ തളികകളെങ്കിലും കഴുകി വൃത്തിയാക്കുക എന്ന ശീലം വളർന്നു വരട്ടെ; പെൺമക്കളിൽ മാത്രമല്ല, ഗൃഹനാഥൻമാരിലും ആൺകുട്ടികളിലും.

ഹംസ ജമാലി
: 79073 73626



വ്യക്തിനിഷ്ഠമായ മനസ്സിന്റെ വൈകൃതങ്ങളാണ് വഴക്കായും സംഘട്ടനങ്ങളായും യുദ്ധമായും പരിണമിച്ച് ലോകസമാധാനത്തിന് വിഘാതമായിക്കൊണ്ടിരിക്കുന്നത്. റമദാൻ ആത്മസംസ്കരണത്തിന്റെ മാസമാണ്. അത് മനസ്സിനെയും മനുഷ്യരെയും ലോകമനഃസാക്ഷിയെയും വിമലീകരിച്ച് സമൂഹത്തെ ശുദ്ധപ്രകൃതിയിലേക്ക് തിരിച്ചുനടത്തുന്നു.

# ആത്മസംസ്കരണത്തിൻെറ റമദാൻ

ഹൃദയത്തിൽനിന്നും ശിർക്ക് അടക്കമുള്ള എല്ലാവിധ തിന്മകളും കഴുകിക്കളഞ്ഞ് അതിനെ തെളിഞ്ഞതും പരിശുദ്ധവുമാക്കാനുള്ള അവസരമാണ് റമദാൻ. ഈ പവിത്ര മാസത്തിൽ ഹൃദയത്തിൽ സ്നേഹവും സാഹോദര്യവും നിറച്ച് അതിനെ കറകളഞ്ഞതാക്കാൻ ശ്രമിക്കുക. ബന്ധങ്ങൾ ഊഷ്മളമാക്കുക. മാതാപിതാക്കളെ ഉപദ്രവിച്ചും കുടുംബബന്ധം മുറിച്ചും ഭാര്യയോടും കുട്ടികളോടും മോശമായി പെരുമാറിയും ജീവിക്കുന്നവർക്ക് റമദാൻ മാസം എങ്ങനെ ഉപകാരപ്പെടാനാണ്?

സ്വന്തം ജീവിതം ഇസ്‌ലാമികമാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനും വീട്ടുകാരെയും കുട്ടികളെയും അതിന് പ്രേരിപ്പിക്കുവാനുമുള്ള മികച്ച സന്ദർഭമാണ് റമദാൻ. കുട്ടികളെ നമസ്കാരം അതി



ൻെറ സമയത്തുതന്നെ ചെയ്യാൻ പ്രേരിപ്പിക്കുക, ദാനധർമം ചെയ്യൽ ശീലിപ്പിക്കുക, നോമ്പെടുക്കാൻ പ്രേരിപ്പിക്കുകയും പ്രോൽസാഹനം നൽകുകയും ചെയ്യുക, നിത്യജീവിതത്തിലെ ദിക്റുകളും പ്രാർഥനകളും പതിവാക്കാനും ക്വുർആൻ പാരായണം ചെയ്യാനും ശീലിപ്പിക്കുക തുടങ്ങിയവ ചെയ്യുവാൻ രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. അല്ലാഹു പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قُوٓا۟ أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ عَلَيْهَا مَلَٰٓئِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ

‘സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിൻെറ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും’ (ക്വുർആൻ 66:6).

**ഭക്തിയുണ്ടാകുവാൻ**

അല്ലാഹു പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ عَلَيْكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ

‘സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മതയുള്ളവരായിരിക്കാൻ വേണ്ടിയത്രെ അത്’(ക്വുർആൻ 2:183).

നോമ്പുകാരൻ നോമ്പെടുത്തുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നു. തൻെറ വീട്ടിലായിരിക്കുമ്പോൾ സമീപത്ത് ഇണയുണ്ടാകും. അടുത്തുതന്നെ ഭക്ഷണവും വെള്ളവുമുണ്ടാകും. അല്ലാഹുവല്ലാത്ത ആരും കാണില്ലെങ്കിലും അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ട് ഭക്തിപൂർവം അതെല്ലാം ഉപേക്ഷിക്കുന്നു. വേണമെങ്കിൽ അവന് അതെല്ലാം ആസ്വദിക്കാം. എന്നിട്ട് നോമ്പുകാരനായി നടിച്ച് മുസ്‌ലിംകൾക്കിടയിൽ നടക്കാം. എന്നാൽ അല്ലാഹു തന്നെ കാണുന്നുണ്ടെ

ന്ന ഓർമയിൽ ഹൃദയത്തിൽനിന്നുള്ള ഭയപ്പാടിനാൽ അവൻ അനുസരണയുള്ളവനായി മാറുന്നു. അല്ലാഹുവിന്റെ തൃപ്തിക്കായി തന്റെ ആഗ്രഹങ്ങളെല്ലാം ഉപേക്ഷിക്കാൻ അവൻ തയ്യാറാകുന്നു.

അല്ലാഹുവിന്റെ പ്രീതിക്കായി ആത്മാർഥമായി നോമ്പനുഷ്ഠിക്കുക. ഭക്തന്മാരുടെ കൂട്ടത്തിൽ നമ്മുടെ നാമം രേഖപ്പെടുത്തപ്പെട്ടേക്കാം. വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്റെ കൂടെയുണ്ടായിരിക്കും. ആരുടെയെങ്കിലും കൂടെ അല്ലാഹുവുണ്ടെങ്കിൽ പിന്നെ ആരെയാണ് ഭയപ്പെടേണ്ടത്? അവനില്ലെങ്കിൽ മറ്റാരെയാണ് പ്രതീക്ഷിക്കാനുള്ളത്?

### സാമുദായിക ഐക്യം

മുസ്‌ലിം സമുദായത്തിലുള്ളവർ ഒന്നിച്ച് ഒരേസമയം ഭക്ഷണം കഴിക്കുന്നതിൽനിന്ന് വിട്ടുനിൽക്കുന്നു. നിശ്ചിതസമയത്ത് ഭക്ഷണം കഴിക്കുന്നു. നമസ്കരിക്കുന്നവർ വ്യത്യസ്ത സമയങ്ങളിലായി പരസ്പരം കണ്ടുമുട്ടി സൗഹൃദം പുതുക്കുന്നു. പാവങ്ങളുടെ ആവശ്യം നിറവേറ്റിക്കൊടുക്കാൻ ശ്രമിക്കുന്നു. ഫിത്വ്ർ സകാത്ത് നൽകിയും ദാനധർമങ്ങൾ വർധിപ്പിച്ചും അല്ലാഹുവിന്റെ പൊരുത്തം കരസ്ഥമാക്കുന്നു. അങ്ങനെ ഒരേസമയം അല്ലാഹുവിലേക്ക് അടുക്കുകയും സാമുദായിക ഐക്യം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

### റമദാനും സ്വഭാവ സംസ്കരണവും

തീർച്ചയായും ഉന്നതസ്ഥാനവും പദവിയുമുള്ളതാണ് സൽസ്വഭാവം. അതുമുഖേന ഒരു മുസ്‌ലിമിന് നബി(സ്വ)യുടെ അടുക്കൽ അടുത്ത ഒരു സ്ഥാനത്ത് എത്താൻ കഴിയുന്നു. എന്നാൽ റമദാനിൽ ഭക്ഷണ പാനീയങ്ങൾ വെടിയുന്നുവെന്ന കാരണത്താൽ ചിലരുടെ സ്വഭാവം ദുഷിക്കുന്നുവെന്നത് ഖേദകരമാണ്. ഒരാളും അവരോട് സംസാരിക്കുന്നത് അവർക്ക് ഇഷ്ടമാകില്ല. അവർക്ക് മറ്റുള്ളവരോട് സംസാരിക്കുവാനും ഇഷ്ടമുണ്ടാകില്ല. വഴിയിലോ ജോലിസ്ഥലത്തോ വീട്ടിലോ വെച്ച് നേരിടുന്ന ചെറിയ പ്രശ്നങ്ങൾ പോലും അവരെ ശുണ്ഠി പിടിപ്പിക്കും. ഇത് നബി(സ്വ) നോമ്പുകാരനുണ്ടായിരിക്കാൻ നിർദേശിച്ച സ്വഭാവ ഗുണങ്ങൾക്ക് വിരുദ്ധമാണ്.

> നോമ്പുകാരൻ നോമ്പെടുത്തുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നു. തന്റെ വീട്ടിലായിരിക്കുമ്പോൾ സമീപത്ത് ഇണയുണ്ടാകും. അടുത്തുതന്നെ ഭക്ഷണവും വെള്ളവുമുണ്ടാകും. അല്ലാഹുവല്ലാത്ത ആരും കാണില്ലെങ്കിലും അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ട് ഭക്തിപൂർവം അതെല്ലാം ഉപേക്ഷിക്കുന്നു. വേണമെങ്കിൽ അവന് അതെല്ലാം ആസ്വദിക്കാം. എന്നിട്ട് നോമ്പുകാരനായി നടിച്ച് മുസ്‌ലിംകൾക്കിടയിൽ നടക്കാം. എന്നാൽ അല്ലാഹു തന്നെ കാണുന്നുണ്ടെന്ന ഓർമയിൽ ഹൃദയത്തിൽനിന്നുള്ള ഭയപ്പാടിനാൽ അവൻ അനുസരണയുള്ളവനായി മാറുന്നു. അല്ലാഹുവിന്റെ തൃപ്തിക്കായി തന്റെ ആഗ്രഹങ്ങളെല്ലാം ഉപേക്ഷിക്കാൻ അവൻ തയ്യാറാകുന്നു.

നബി(സ്വ) പറഞ്ഞു: 'നോമ്പ് ഒരു പരിചയാണ്. ആയതിനാൽ നോമ്പുകാരൻ ചീത്ത പറയുകയോ തർക്കിക്കുകയോ ചെയ്യരുത്. ഇനി വല്ലവനും അവനെ ചീത്ത പറയുകയോ തർക്കിക്കുകയോ ചെയ്യുന്നെങ്കിൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ പറയട്ടെ' (ബുഖാരി 1805, മുസ്‌ലിം 1151).

### വിലപ്പെട്ട സമയങ്ങൾ

അധികപേരും പാഴാക്കിക്കളയുന്ന വിലപിടിച്ച മൂന്ന് സമയങ്ങളുണ്ട്.

ഒന്ന്: സ്വുബ്ഹി നമസ്കാരശേഷം അതിരാവിലെ. ഉറക്കത്തിത്തിലൂടെയാണ് അതിലധികവും നഷ്ടപ്പെടാറുള്ളത്.

രണ്ട്: മഗ്‌രിബിന് മുമ്പായി പകലിന്റെ അവസാനസമയം. നോമ്പുതുറക്കാനുള്ള ഭക്ഷണം തയ്യാറാക്കുന്നതിലാണത് അധികവും നഷ്ടപ്പെടാറുള്ളത്.

മൂന്ന്: അത്താഴ സമയം. അത്താഴം തയ്യാറാക്കുന്നതിലും ഉറക്കത്തിലുമായിക്കൊണ്ടാണ് അത് നഷ്ടപ്പെടാറുള്ളത്.

അല്ലാഹു പറയുന്നു: 'സൂര്യോദയത്തിനു മുമ്പും സൂര്യാസ്തമയത്തിനു മുമ്പും നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധി

യെ നീ പ്രകീർത്തിക്കുകയും ചെയ്യുക. രാത്രിയിൽ ചില നാഴികകളിലും പകലിൻെറ ചില ഭാഗങ്ങളിലും നീ അവൻെറ പരിശുദ്ധിയെ പ്രകീർത്തിക്കുക, നിനക്ക് സംതൃപ്തി കൈവന്നേക്കാം' (ഖുർആൻ 20:130).

**പ്രാർഥനയുടെ പ്രസക്തി**

മനുഷ്യൻ ബുദ്ധിമാനും എത്രതന്നെ ശക്തനായിരുന്നാലും അവൻ പല നിലയ്ക്കും അശക്തനാണെന്നതിൽ സംശയമില്ല. ഭാവിയെക്കുറിച്ച് പ്രതീക്ഷയും പ്രത്യാശയും പ്രദാനം ചെയ്യുന്ന ശക്തമായൊരു ആയുധമാണ് പ്രാർഥന. അല്ലാഹു പറയുന്നത് നോക്കൂ:

يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ

'മനുഷ്യരേ, നിങ്ങൾ അല്ലാഹുവിൻെറ ആശ്രിതന്മാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു' (35:15).

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച' (40:60).

നബി(സ്വ) പറയുകയുണ്ടായി: 'പ്രാർഥന, അതുതന്നെയാണ് ആരാധന.' പ്രാർഥന അല്ലാഹുവിനോട് മാത്രമെ ആകാവൂ, അത് സൃഷ്ടികളോടായാൽ എല്ലാ കർമങ്ങളും നിഷ്ഫലമായിപ്പോകും. അല്ലാഹു പറയുന്നു:

وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا

'പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർഥിക്കരുത്' (72:18).

പ്രാർഥനയില്ലെങ്കിൽ നമ്മുടെ രക്ഷിതാവ് നമ്മെ പരിഗണിക്കുകയില്ല:

قُلْ مَا يَعْبَؤُا۟ بِكُمْ رَبِّى لَوْلَا دُعَآؤُكُمْ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًۢا

'(നബിയേ) പറയുക: നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എൻെറ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്? എന്നാൽ നിങ്ങൾ നിഷേധിച്ചു തള്ളിയിരിക്കുകയാണ്. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമായിരിക്കും' (25:77).

നമ്മുടെ ഏത് പ്രശ്നങ്ങളിലും പ്രയാസങ്ങളിലും നാം അല്ലാഹുവിനോട് പ്രാർഥിക്കണം. നമ്മെ സൃഷ്ടിക്കുകയും നമുക്ക് ആവശ്യമായ അനുഗ്രഹങ്ങളെല്ലാം നൽകുകയും ചെയ്ത പരമകാരുണ്യവാനായ അല്ലാഹുവിനോട് പ്രാർഥിക്കാതിരിക്കൽ വലിയ നന്ദികേടാണ്.

പ്രാർഥന ആരാധനയുടെ അകക്കാമ്പാണ്. നോമ്പാകുന്ന ആരാധന പ്രാർഥനയാൽ സമൃദ്ധമാക്കുക. നോമ്പുകാരൻെറ പ്രാർഥനക്ക് അല്ലാഹുവിങ്കൽ പ്രത്യേകമായ പരിഗണനയുണ്ട്. ഉത്തരം നൽകാമെന്ന, രക്ഷിതാവായ അല്ലാഹുവിൻെറ വാഗ്ദാനത്തിൽ പ്രതീക്ഷയർപ്പിച്ചും അങ്ങേയറ്റത്തെ ആഗ്രഹത്തോടെയും അവനോട് നോമ്പുകാരൻ ധാരാളമായി പ്രാർഥിക്കേണ്ടതാണ്. നോമ്പിൻെറ വിധിവിലക്കുകൾ പറയു



ന്നതിനിടയിൽ അല്ലാഹു പറയുന്നു:

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ

'നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്' (ഖുർആൻ 2:186).

എന്നാൽ സമയബന്ധിതമായി ഉത്തരം കിട്ടണമെന്ന് ധൃതികാണിക്കരുതെന്ന നിബന്ധന മാനിക്കേണ്ടതുണ്ട്. ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നബി(സ്വ) ഇങ്ങനെ പറഞ്ഞതായി കാണാം: 'ഒരു അടിമക്ക് അയാളുടെ കുറ്റകരമായ കാര്യങ്ങൾക്കോ കുടുംബബന്ധം വിഛേദിക്കാനോ അല്ലാത്ത പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നതാണ്; അയാൾ ധൃതികൂട്ടിയിട്ടില്ലെങ്കിൽ.' 'അല്ലാഹുവിന്റെ റസൂലേ, എന്താണ് ധൃതികൂട്ടുകയെന്നതിന്റെ ഉദ്ദേശം' എന്ന് ചോദിക്കപ്പെട്ടു. തിരുമേനി(സ്വ) പറഞ്ഞു: 'അവൻ പറയും; ഞാൻ പലപ്രാവശ്യം പ്രാർഥിച്ചുനോക്കി, പക്ഷേ, ഉത്തരം ലഭിച്ചില്ല.' അങ്ങനെ അവൻ നിരാശനായി പ്രാർഥനയിൽനിന്നും പിൻമാറുകയും ചെയ്യും."

ഒരു വിശ്വാസി ഒരിക്കലും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശനാവാൻ പാടില്ല. അവന്റെ മനസ്സിൽ എപ്പോഴും അല്ലാഹു നന്മയേ വരുത്തുകയുള്ളൂവെന്ന ബോധമാണുണ്ടാവേണ്ടത്. അത് എപ്പോൾ എവിടെയെന്നെല്ലാം അല്ലാഹുവാണ് തീരുമാനിക്കുന്നത്. അല്ലാഹുവിലേക്ക് വിനയാന്വിതനായിക്കൊണ്ടും ആത്മാർഥയോടും ഭക്തിപൂർവവും പ്രാർഥിക്കുകയും പാപങ്ങളിൽനിന്ന് അകന്നു നിൽക്കുകയും ചെയ്യുക.



നോമ്പുകാരന്റെ പ്രാർഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കപ്പെടുന്നതാണ്. അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: 'മൂന്നാളുകളുടെ പ്രാർഥനകൾ തിരസ്കരിക്കപ്പെടാത്തതാണ്. പിതാവിന്റെ പ്രാർഥന, നോമ്പുകാരന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന.'

### ദാനധർമങ്ങളുടെ മാസം

അല്ലാഹുവിലേക്ക് സാമിപ്യമുണ്ടാക്കുന്നതും സ്വർഗപ്രവേശനത്തിന് കാരണമാകുന്നതുമായ ഒരു സൽകർമമാണ് ധർമം ചെയ്യൽ. ധർമം ചെയ്ത കാരണത്താൽ ഒരിക്കലും സമ്പത്ത് കുറയുകയില്ല; മറിച്ച് വർധനവാണുണ്ടാകുക. ഒരിക്കലും വാഗ്ദാനം ലംഘിക്കാത്ത അത്യുദാരനായ അല്ലാഹു പറയുന്നു:

'നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ (അല്ലാഹു) അതിന് പകരം നൽകുന്നതാണ്' (34:39).

'ധർമം ചെയ്യുന്നത് സമ്പത്തിൽ കുറവുവരുത്തുകയില്ല' എന്ന നബിവചനവും ഇവിടെ ശ്രദ്ധേയമാണ്. ദാനധർമത്തെ പ്രോത്സാഹിപ്പിക്കുന്ന ധാരാളം ഖുർആൻ വചനങ്ങൾ കാണാം. അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കുന്നത് ജിഹാദിൽപെട്ടതാണ്. അതുമാത്രമല്ല ഖുർആനിൽ ജിഹാദിനെ കുറിച്ച് പറയുന്ന ആയത്തുകളിൽ ഒന്നൊഴിച്ചാൽ ബാക്കിയുള്ള മുഴുവൻ ആയത്തുകളിലും ശരീരം കൊണ്ട് ജിഹാദ് ചെയ്യുന്നതിനെക്കാൾ സമ്പത്തുകൊണ്ടുള്ള ജിഹാദിനാണ് മുൻഗണന നൽകി

യിരിക്കുന്നത്.

ഇബ്നു അബ്ബാസ്(റ) പറയുന്നു: 'നബി(സ്വ) മറ്റെല്ലാവരെക്കാളും ഉദാരമതിയായിരുന്നു. എന്നാൽ റമദാനിൽ നബി(സ്വ)യും ജിബ്‌രീലും തമ്മിൽ കണ്ടുമുട്ടുമ്പോഴാണ് തിരുമേനി ഏറ്റവും കൂടൽ ദാനധർമങ്ങൾ ചെയ്തിരുന്നത്' (ബുഖാരി, മുസ്‌ലിം).

'ഒരുചീള് കാരക്കയെങ്കിലും ധർമംചെയ്ത് നീ നരകത്തെ സൂക്ഷിക്കുക' (ബുഖാരി) എന്ന നബിവചനം കഴിവിനനുസരിച്ച് ധർമം ചെയ്യുവാനുള്ള പ്രോൽസാഹനമാണ് നൽകുന്നത്.

ധർമത്തിന്റെയും ഔദാര്യത്തിന്റെയും മാസത്തിലാണ് നാമുള്ളത്. റമദാനിൽ ചെയ്യുന്ന ധർമമാണ് ഏറ്റവും ഉത്തമമായത്. അതിനാൽ നന്മയുടെ കൂട്ടായ്മകളിൽ പങ്കാളികളാകാൻ ശ്രമിക്കുക.

**പശ്ചാത്താപം റമദാനിൽ**

ജീവിച്ചിരിക്കുന്ന കാലമത്രയും ഭൗതിക വിഭവങ്ങളിലുള്ള ആശമുറിയുന്നവനല്ല മനുഷ്യൻ. ദേഹേഛകളിൽനിന്നും അതിരില്ലാത്ത ആഗ്രഹങ്ങളിൽനിന്നും മാറിനിൽക്കാൻ അവന്റെ മനസ്സ് അവനെ അനുവദിക്കുകയുമില്ല. ജീവിതത്തിന്റെ അവസാനകാലത്തിൽ പശ്ചാത്തപിക്കാമെന്ന് പിശാച് പ്രേരണ നൽകും. എന്നാൽ വയസ്സ് കൂടുംതോറും അവന്റെ ആഗ്രഹങ്ങൾ കുറയുകയല്ല; കൂടുകയാണ് ചെയ്യുക. നബി(സ്വ) പറഞ്ഞു: 'മനുഷ്യൻ വളർന്നു വലുതാകുംതോറും രണ്ട് കാര്യങ്ങളും അവന്റെ കൂടെ വലുതാകുന്നു. സമ്പത്തിനോടുള്ള പ്രിയവും കൂടുതൽ ജീവിക്കണമെന്ന മോഹവും' (ബുഖാരി).

അല്ലാഹു പറയുന്നു:

ഒരു വിശ്വാസി ഒരിക്കലും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശനാവാൻ പാടില്ല. അവന്റെ മനസ്സിൽ എപ്പോഴും അല്ലാഹു നന്മയേ വരുത്തുകയുള്ളൂവെന്ന ബോധമാണുണ്ടാവേണ്ടത്. അത് എപ്പോൾ എവിടെയെന്നെല്ലാം അല്ലാഹുവാണ് തീരുമാനിക്കുന്നത്. അല്ലാഹുവിലേക്ക് വിനയാന്വിതനായിക്കൊണ്ടും ആത്മാർഥയോടും ഭക്തിപൂർവവും പ്രാർഥിക്കുകയും പാപങ്ങളിൽനിന്ന് അകന്നു നിൽക്കുകയും ചെയ്യുക. നോമ്പുകാരന്റെ പ്രാർഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കപ്പെടുന്നതാണ്.

وَتُوبُوٓا۟ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ

'സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം' (24:31).

وَمَن لَّمْ يَتُبْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ

'വല്ലവനും പശ്ചാത്തപിക്കാത്തപക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ' (49:11).

അല്ലാഹുവിന് വഴിപ്പെടുന്നതിൽ മറ്റു മാസങ്ങളിലൊന്നുമില്ലാത്ത അവസരമാണ് ഈ മാസത്തിൽ ലഭിക്കുന്നത്. വല്ല തെറ്റുകുറ്റങ്ങളിലും അകപ്പെട്ടിരിക്കുന്നുവെങ്കിൽ ഈ മാസം മുതൽ അതിൽ പശ്ചാത്തപിക്കുക. തന്റെ പശ്ത്താപം സ്വീകരിക്കപ്പെടുകയില്ലെന്ന് നിരാശപ്പെടരുത്. അല്ലാഹു അവനോട് ചോദിക്കുന്നവനെ മടക്കുകയില്ല. അവന്റെ കാരുണ്യം സർവവസ്തുക്കളെയും ഉൾകൊള്ളുന്നതാണ്.

വിനയത്തോടെ, ആത്മാർഥമായി അല്ലാഹുവിന്റെ ശിക്ഷയെ ഭയന്നുകൊണ്ട് അവനിലേക്ക് ഖേദിച്ചു മടങ്ങുന്നവരുടെ പശ്ചാത്താപം അവൻ സ്വീകരിക്കുകയും അവർക്ക് കരുണചെയ്യുന്നതുമാണ്. അടിമയെ അപമാനത്തിൽനിന്നും നിന്ദ്യതയിൽനിന്നും നിർഭയനാക്കുന്ന നിഷ്കളങ്കമായ പശ്ചാത്താപവുമായി ഈ മാസത്തെ നാം ഉപയോഗിക്കുക.

റമദാനിൽ പശ്ചാത്തപിക്കാത്തവർ പിന്നെ എപ്പോഴാണ് അതിന് തയ്യാറാവുക? അതിൽ ആത്മപരിശോധന ചെയ്യാത്തവർ പിന്നെ എപ്പോഴാണ് അതിന് തയ്യാറാവുക? വിനോദത്തിൽനിന്നും അശ്രദ്ധയിൽനിന്നും മോചിതരാകാത്തവർ, ദുശ്ശീലങ്ങളും വിനോദാഭാസങ്ങളും വെടിയാത്തവർ എപ്പോഴാണ് അതിൽനിന്ന് പിൻമാറുക?

സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും നരകവാതിലുകൾ അടക്കപ്പെടുകയും ചെയ്യുന്ന മാസമാണ് റമദാൻ. 'നന്മയാഗ്രഹിക്കുന്നവരേ, മുന്നോട്ടുവരിക; തിന്മ ചെയ്യുന്നവരേ അതവസാനിപ്പിക്കുക' എന്ന്

വിളിച്ച് പറയപ്പെടുന്ന മാസം. ഇത്തരം ഒരു സുവർണാവസരം ലഭിച്ചിട്ടും തൗബ ചെയ്യുന്നില്ലെങ്കിൽ അത് മഹാനഷ്ടമായിരിക്കും. 'റമദാൻ ആഗതമായിട്ടും പാപം പൊറുക്കപ്പെടാത്തവന് നാശം' എന്ന് നബി(സ്വ) പറഞ്ഞതായി കാണാം. ഒരുപക്ഷേ, പിന്നീട് ഒരിക്കലും ലഭിക്കാത്ത ഒരു അവസരമായിരിക്കുമിത്.

### മറ്റു ചില പുണ്യകർമങ്ങൾ

1. നോമ്പു തുറപ്പിക്കുന്നതിൽ പങ്കാളിയാവുക; അവന് രണ്ടു പ്രതിഫലം ലഭിക്കും.
2. ജമാഅത്ത് നമസ്കാരത്തിന് ഒന്നാമത്തെ അണിയിൽ തന്നെ ഇടം നേടുക.
3. സുബ്ഹി നമസ്കാരശേഷം ദിക്റുകളും പ്രാർഥനകളുമായി സൂര്യോദയം വരെ പള്ളിയിൽ ഇരിക്കുകയും സൂര്യനുദിച്ചുയർന്ന ശേഷം രണ്ട് റകഅത്ത് നമസ്കരിക്കുകയും ചെയ്യുക.
4. അത്താഴ സമയം, നോമ്പുതുറക്കുന്നതിനു മുമ്പ്, തുടങ്ങി പ്രാർഥനക്ക് പ്രത്യേകം ഉത്തരം കിട്ടുന്ന സമയങ്ങൾ ഉപയോഗപ്പെടുത്തുക.
5. റമദാനിൽ ഉംറ നിർവഹിക്കുക; അത് നബി(സ്വ)യുടെ കൂടെ ഹജ്ജ് ചെയ്തതിന് സമമാണ്.
6. ദിവസവും മൂന്ന് ജുസ്അ് ക്വുർആൻ പാരായണം ചെയ്യുക; അല്ലെങ്കിൽ ഒരു ജുസ്അ് എങ്കിലും ഓതുക.
7. പ്രദേശത്തെ പള്ളിയിൽ ഒരു ദിവസമെങ്കിലും ഇഅ്തികാഫ് ഇരിക്കുക.
8. പ്രഭാതത്തിലും സന്ധ്യാസമയത്തും ചൊല്ലേണ്ട ദിക്റുകൾ ചൊല്ലുക. എല്ലാസമയത്തും അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ നിലനിർത്തുക.
9. നോമ്പുതുറ സംഘടിപ്പിച്ച് അതിന്റെ പുണ്യം നേടുക. മാതാപിതാക്കളെയും രക്തബന്ധത്തിൽ പെട്ട മറ്റുള്ളവരെയും നോമ്പുതുറപ്പിക്കുമ്പോൾ കുടുംബ ബന്ധം ചേർക്കുന്നതിന്റെ പ്രതിഫലം കൂടി ലഭിക്കുമെന്നറിയുക.
10. തറാവീഹ്-വിത്ർ നമസ്കാരത്തിൽ പങ്കെടുക്കുക.
11. റമദാനിന്റെ എല്ലാ പകലിലും ഓരോ ധർമമെങ്കിലും ചെയ്യുക.
12. മറ്റുകർമങ്ങളെപ്പോലെത്തന്നെ പ്രതിഫലമർഹിക്കുന്നതാണ് റമദാനിൽ വായവൃത്തിയാക്കലും. നോമ്പുകാരനാണെങ്കിലും അത് മറന്നുപോകരുത്.
13. വെള്ളിയാഴ്ച നേരത്തെതന്നെ കുളിച്ചു പള്ളിയിൽ പോകുകയും അന്നത്തെ പകലിലെ അവസാനത്തെ സമയം പ്രാർഥനക്കും പാപമോചനത്തിനുമായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.
14. വുദൂഅ് ചെയ്ത ശേഷം രണ്ടു റക്അത്ത് നമസ്കരിക്കുക.
15. ആയിരം മാസം ഇബാദത്ത് ചെയ്ത പ്രതിഫലം ലഭിക്കുന്ന ലൈലത്തുൽ ക്വദ്റിന്റെ രാവിനെ പ്രതീക്ഷിച്ച് ഇബാദത്തിൽ മുഴുകുക.

ഇങ്ങനെ പ്രതിഫലം വാരിക്കൂട്ടാനുള്ള ഒട്ടേറെ കാര്യങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അതെല്ലാം കഴിയുന്നതും പ്രാവർത്തികമാക്കുക.

### സ്ത്രീകളോട്

റമദാൻ വന്നാൽ പിന്നെ സ്ത്രീകൾക്ക് തീരാത്ത അടുക്കളപ്പണിയാണിന്ന്. പുരുഷന്മാർ ആരാധനകളിൽ മുഴുകിയും വിശ്രമിച്ചുമൊക്കെ സമയം ചെലവഴിക്കുമ്പോൾ സ്ത്രീകൾ രാപകൽ ഭേദമില്ലാതെ ഭക്ഷണമുണ്ടാക്കുന്ന തിരക്കിലായിരിക്കും. ഈ അവസ്ഥക്ക് മാറ്റമുണ്ടാകേണ്ടതുണ്ട്. സ്ത്രീകളുടെ അറിവിലേക്കായി ചില കാര്യങ്ങൾ കുറിക്കട്ടെ:

ഈ അനുഗൃഹീത പുണ്യമാസം കടന്നുവരുമ്പോൾ അതിനെ സ്വീകരിക്കാൻ സ്ത്രീകൾ മാനസികമായി തയ്യാറാവുകയും നോമ്പുകാർക്ക് അല്ലാഹു ഒരുക്കിവെച്ച മഹത്തായ പുണ്യങ്ങളിൽ ബോധമുള്ളവരാകു കയും ചെയ്യേണ്ടതുണ്ട്.

റമദാനിൽ കൂടുതൽ സമയം ഇബാദത്തിനായി ഉപയോഗപ്പെടുത്താൻ സ്ത്രീകളും സമയം കണ്ടെത്തേണ്ടതുണ്ട്. ഇക്കാര്യം വീട്ടിലെ പുരുഷന്മാരെ ബോധ്യപ്പെടുത്തുകയും അവരുടെ സഹകരണം തേടുകയും ചെയ്യുക.

പെരുന്നാൾ ദിനം ധരിക്കാനുള്ള പുതുവസ്ത്രം നേരത്തെ തന്നെ വാങ്ങിവെക്കുക. സ്ത്രീകളും രക്ഷിതാക്കളുമെല്ലാം റമദാനിന്റെ അവസാനത്തെ പത്തിലെ വിലപ്പെട്ട സമയം തുണിക്കടകളിലും അങ്ങാടിയിലുമായി നഷ്ടപ്പെടുത്തുന്ന കാഴ്ച സാധാരണമാണ്. ഈ അവസ്ഥ മാറേണ്ടതുണ്ട്. റമദാനിനെക്കാൾ തിരക്കു കുറവായിരിക്കും റമദാനിന്റെ മുമ്പ്. വിലയിലും ഗണ്യമായ മാറ്റമുണ്ടാവാറുണ്ട്. എന്നിട്ടും പിന്നെന്തിനാണ് വില കൂടുകയും തിരക്കു വർധിക്കുകയും ചെയ്യുന്ന റമദാനിൽ തന്നെ വസ്ത്രം വാങ്ങുവാൻ തീരുമാനിക്കുന്നത്?

ഉസ്മാൻ പാലക്കാഴി
: 9656 292 244




# റമദാനും സോഷ്യൽ മീഡിയയും

*രീതി: ഹജ്ജിന്റെ രാവിൽ ഞാൻ...*

സൗമിന്റെ നാളുകൾ നമ്മിൽ അണഞ്ഞുവല്ലോ
സ്വർഗം ലഭിക്കുവാൻ നമ്മൾ കൊതിക്കുന്നല്ലോ
നരകത്തിൻ വഴി കൊട്ടിയടക്കും റമദാൻ മാസം
നാക കവാടം തുറന്നിടും വിശുദ്ധ മാസം

തെറ്റിൽ മുഴുകിയാൽ ശരിയാകില്ലല്ലോ നോമ്പ്
തീറ്റ - കുടി നിർത്തൽ മാത്രം അതല്ല നോമ്പ്
തിന്മകൾ പാടെ വെടിഞ്ഞെങ്കിൽ ഖബൂലാം നോമ്പ്
തിരതല്ലീടും ഹവകൾക്കെതിരെ ജിഹാദാം നോമ്പ്

സാമൂഹ്യ മാധ്യമം അജബേറും ചെപ്പാണല്ലോ
സാകൂതം നമ്മെ പിടിച്ചങ്ങിരുത്തുമല്ലോ
സമയം കൊല്ലാൻ, തെറ്റുകൾ ചെയ്യാൻ അതിൽ വീഴല്ലേ
സാഇം ആണോ വാക്കും നോക്കും സൂക്ഷിക്കണമല്ലോ

നോമ്പിന്റെ രാപകൽ അസുലഭ സമയം തന്നെ
നോവെല്ലാം റബ്ബോട് പറയേണം നമ്മൾ തന്നെ
എഫ് ബി വാട്സപ്പെല്ലാം വഴി തിരിച്ചിടുമെ
ഏതിലും അതിരുകൾ പാലിച്ചില്ലേൽ ഖേദിച്ചിടുമെ

*സൗമിന്റെ നാളുകൾ നമ്മിൽ അണഞ്ഞുവല്ലോ*
*സ്വർഗം ലഭിക്കുവാൻ നമ്മൾ കൊതിക്കുന്നല്ലോ*



സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

ഇന്ത്യൻ ജുഡീഷ്യറിയും ചില യാഥാർത്ഥ്യങ്ങളും 02

# നരേന്ദ്ര മോദിയുടെ ‘സ്വകാര്യ’ സന്ദർശനവും ബാബരി വിധിയിലെ ‘ദൈവിക’ ഇടപെടലും

ഡി.വൈ.ചന്ദ്രചൂഡിനോട് ബിബിസിയുടെ സ്റ്റീഫൻ സാക്കൂർ ചോദിച്ച മറ്റൊരു ചോദ്യം പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ചന്ദ്രചൂഡ് നടത്തിയ സ്വകാര്യ കൂടിക്കാഴ്ചയെക്കുറിച്ചായിരുന്നു. ചീഫ് ജസ്റ്റിസ് പദവിയിൽ നിന്നും വിരമിച്ച 2024 നവംബർ 10ന് ഒരാഴ്ച മുമ്പായിരുന്നു മോദിയുടെ ‘സ്വകാര്യ’ സന്ദർശനം. ചന്ദ്രചൂഡിന്റെ വസതിയിൽ നടന്ന ഗണപതി പൂജയിലാണ് മോദി പങ്കെടുത്തത്.  ഏതൊരാൾക്കും അയാളുടെ വിശ്വാസങ്ങളും ആചാരങ്ങളും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ചീഫ് ജസ്റ്റിസ് പദവിയിലിരിക്കെ ചന്ദ്രചൂഡ് നടത്തിയ ഗണപതിപൂജയെ ആരും വിമർശിക്കില്ല. ഹിന്ദുമത വിശ്വാസങ്ങളോടും ആചാരങ്ങളോടും തനിക്കുള്ള പ്രതിബദ്ധത അദ്ദേഹം പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വ്യക്തിപരമായ ഒരു ആരാധനാകർമത്തിന്റെ ഭാഗമായി കുടുംബാംഗം പോലുമല്ലാത്ത ഒരു വ്യക്തി പങ്കെടുക്കുന്നത് സംശയം ജനിപ്പിക്കുന്ന കാര്യമാണ്. ഒരാളുടെ വ്യക്തി

ഗത ആചാരങ്ങളിൽ ഇന്ത്യൻ പ്രധാനമന്ത്രിക്ക് എന്ത് റോളാണുള്ളത് എന്ന ചോദ്യം വളരെ പ്രസക്തമാണ്.

**അപ്രസക്തമാവുന്ന ന്യായങ്ങൾ**

ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള കൂടിക്കാഴ്ചകളിൽ തെറ്റില്ലെന്നും രാഷ്ട്രപതി ഭവനിലും റിപ്പബ്ലിക് ദിനത്തിലും പരസ്പരം കണ്ടുമുട്ടാറുണ്ട് എന്നെല്ലാമായിരുന്നു അന്ന് ചന്ദ്രചൂഡ് നൽകിയ വിശദീകരണം. ബിജെപി നേതാക്കളാവട്ടെ മൻമോഹൻ സിംഗ് സംഘടിപ്പിച്ച ഇഫ്താർ വിരുന്നിൽ അന്നത്തെ ചീഫ് ജസ്റ്റിസ് പങ്കെടുത്തിരുന്നു എന്ന മറുപടിയാണ് നൽകിയിരുന്നത്. പ്രധാനമന്ത്രിയും ചീഫ് ജസ്റ്റിസും തമ്മിൽ കണ്ടുമുട്ടുന്ന ഒട്ടേറെ ചടങ്ങുകൾ ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ വ്യക്തിപരമായ സന്ദർശനങ്ങൾ നടത്തുന്നതിന് ചില പ്രോട്ടോക്കോളുകളും കീഴ്വഴക്കങ്ങളുമുണ്ട്. പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും നടത്തുന്ന ഇഫ്താർ പാർട്ടികൾ ഔദ്യോഗിക ചടങ്ങുകളായിട്ടാണ് കരുതപ്പെടുന്നത്. ഇഫ്താർ പാർട്ടി ഒരു സാമൂഹിക സൗഹൃദ പരിപാടിയായിട്ടാണ് എല്ലാവരും കാണുന്നത്. അതിനെയാരും പൂജയോ ആരാധനാകർമമോ ആയി കാണാറില്ല. എന്നാൽ ഇവിടെ വ്യക്തിപരമായി ഒരാൾ നടത്തുന്ന പൂജയിലാണ് പ്രധാനമന്ത്രി പങ്കെടുത്തത് എന്നതുകൊണ്ടു തന്നെ അത് ശരിയായില്ല എന്നതുതന്നെയാണ് പൊതുവിൽ വിലയിരുത്തപ്പെട്ടത്.

**ജുഡീഷ്യറിയെ വിലയ്ക്ക് വാങ്ങുന്നവർ**

ജുഡീഷ്യറിയുടെ ഉന്നതങ്ങളിൽ ഇരുന്നവരെ ചാക്കിട്ട് പിടിക്കുക എന്ന തന്ത്രം ബിജെപിയും മോദിയും വളരെക്കാലമായി പയറ്റിവരുന്ന കാര്യമാണ്. 2019 നവംബറിൽ ചീഫ് ജസ്റ്റിസ് പദവിയിൽ നിന്നും വിരമിച്ച രഞ്ജൻ ഗൊഗോയി മൂന്ന് മാസം കഴിയുമ്പോഴേക്ക് ബിജെപിയുടെ രാജ്യസഭാ എംപിയായി സ്ഥാനമേറ്റ സംഭവം നടന്ന രാജ്യമാണ് നമ്മുടെത്. ബാബരി മസ്ജിദ് നിലനിന്നിരുന്ന സ്ഥലം ഹിന്ദുത്വവാദികൾക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള വിധി നിർവഹിച്ചത് രഞ്ജൻ ഗൊഗോയി നേതൃത്വം നൽകിയ അഞ്ചംഗ ബെഞ്ചാണ്. അതായിരുന്നു അദ്ദേഹത്തിന്റെ അവസാന വിധിയും. 2019 നവംബർ 9ന് വിധി പറയുകയും നവംബർ 17ന് ചീഫ് ജസ്റ്റിസ് പദവിയിൽ നിന്ന് വിരമിക്കുകയും ചെയ്ത ഗൊഗോയി ഉടനെത്തന്നെ ബിജെപിയുടെ രാജ്യസഭാ എംപിയായതിൽ ഒരു പ്ലാനിംഗും ഉണ്ടായിരുന്നില്ലെന്ന് കരുതാൻ സാധിക്കില്ല.

ബാബരി മസ്ജിദ് വിധി പറഞ്ഞ പ്രസ്തുത ബെഞ്ചിൽ ഒരംഗമായിരുന്നു ചന്ദ്രചൂഡും. ബാബരി മസ്ജിദ് നിലനിന്നിരുന്ന സ്ഥലത്തിന് ഹിന്ദുത്വവാദികൾ നടത്തിയ അവകാശവാദം ഒട്ടും ശരിയല്ലെന്ന് അറിയാമായിരുന്ന അംഗങ്ങളായിരുന്നു അഞ്ചുപേരും. പക്ഷേ, പ്രശ്നം പരിഹരിക്കാൻ ഇതല്ലാതെ മറ്റുമാർഗങ്ങളില്ല എന്ന നിഗമനത്തിലാണ് അന്നത്തെ വിധി വന്നത് എന്ന കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. രാമക്ഷേത്രത്തോടൊപ്പം മറ്റൊരു മസ്ജിദ് കൂടി പണിയണമെന്ന് വിധി പറഞ്ഞ ജഡ്ജിമാർ അതിന്റെ നിർമാണമെവിടെയെത്തി എന്നതിനെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ? പൂജാരിമാർക്ക് പോലും അവസരം നൽകാതെ നരേന്ദ്രമോദി ധൃതിപ്പെട്ട് ഉദ്ഘാടനം നടത്തിയ ക്ഷേത്രത്തിൽ 2024 ജൂലായ് മാസത്തിൽ ചന്ദ്രചൂഡും സന്ദർശനം നടത്തിയിരുന്നു. ക്ഷേത്രങ്ങളിൽ പോകാനുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെക്കുറിച്ചും അവകാശത്തെക്കുറിച്ചും ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ല. എന്നാൽ തങ്ങൾ വിധി പറഞ്ഞു നേടിക്കൊടുത്ത ഒരു ക്ഷേത്രത്തിൽ സന്ദർശനം നടത്തുമ്പോൾ തങ്ങൾ പറഞ്ഞ വിധിയിലെ മസ്ജിദിനെക്കുറിച്ച് അന്വേഷിക്കാനും അതിന്റെ നിർമാണം പൂർത്തിയാവാത്തതിനെക്കുറിച്ച് പ്രധാനമന്ത്രിയോട് ഒരു വാക്ക് പറയാനുമുള്ള ആർജവം കൂടി കാണിക്കേണ്ടതുണ്ടായിരുന്നു.

**ബാബരിയിലെ 'ദൈവിക' ഇടപെടൽ!**

ചീഫ് ജസ്റ്റിസ് പദവിയിൽനിന്നും വിരമിക്കുന്നതിന് 20 ദിവസങ്ങൾക്ക് മുമ്പ് മഹാരാഷ്ട്രയിലെ സ്വന്തം ഗ്രാമമായ കനേർസറിൽ വെച്ച് ബാബരി വിധിയുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തിയ പ്രസ്താവന വിവാദമായിരുന്നു. ബിബിസി ലേഖകൻ സാക്കൂർ അതിനെക്കുറിച്ചും ചോദിച്ചിരുന്നു. ബാബരി വിധിക്ക് മുമ്പായി സ്വന്തം ദൈവത്തോട് നല്ലത് തോന്നിപ്പിക്കാൻ വേണ്ടി പ്രാർഥിച്ചിരുന്നു എന്നാണ് ഗ്രാമനിവാസികളോട് പറഞ്ഞതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്.

'പലപ്പോഴും കേസുകൾ തീർപ്പാക്കാൻ ഒരു പരിഹാരത്തിലെത്താൻ സാധിക്കാത്ത സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്, മൂന്ന് മാസമായി എന്റെ മുന്നിലുണ്ടായിരുന്ന അയോധ്യ പ്രശ്നത്തിന്റെ സമയത്തും സമാനമായത് സംഭവിച്ചു. ഞാൻ ദൈവത്തോട് പ്രാർഥിച്ചു. സത്യം പറയട്ടെ, നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ ദൈവം നിങ്ങൾക്കൊരു

മാർഗം കാണിച്ചുതരും.' ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിലെ വിവാദഭാഗം.

ഇതുസംബന്ധമായി സ്റ്റീഫൻ സാക്കൂറിനോട് അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമാണ്:

'ഒരു ജഡ്ജിയുടെ നാവിൽ വരുന്ന വാക്കുകളെ സോഷ്യൽ മീഡിയയിൽകൂടി മനസ്സിലാക്കാൻ ശ്രമിക്കരുത്. ഞാൻ ഒരു വിശ്വാസിയാണെന്ന വസ്തുതയെ നിഷേധിക്കുന്നില്ല, ഒരു സ്വതന്ത്ര ജഡ്ജിയാകാൻ നിരീശ്വരവാദിയാകണമെന്ന് നമ്മുടെ ഭരണഘടന ആവശ്യപ്പെടുന്നില്ല, എന്റെ വിശ്വാസത്തെ ഞാൻ വിലമതിക്കുന്നു. എന്റെ വിശ്വാസം എന്നെ പഠിപ്പിക്കുന്നത് സാർവലൗകിക മതബോധമാണ്. സംഘർഷം നിറഞ്ഞ മേഖലയിൽ ശാന്തതയും സമത്വവും കണ്ടെത്താൻ പ്രയാസമാണ്. ശാന്തത കൈവരിക്കാൻ ഓരോരുത്തരും ഓരോ മാർഗം സ്വീകരിക്കുന്നു. ഞാൻ ധ്യാനവും പ്രാർഥനയുമാണ് അവലംബിക്കുന്നത്. എന്റെ ധ്യാനവും പ്രാർഥനയും എല്ലാ മതവിഭാഗങ്ങളോടും തുല്യമായി പെരുമാറാനാണ് പഠിപ്പിക്കുന്നത്.'

അദ്ദേഹം പറഞ്ഞതിൽ ഒരു അസാംഗത്യവുമില്ല. പക്ഷേ, ഇത്തരം കാര്യങ്ങൾ ജനങ്ങൾക്ക് മുമ്പിൽ വെക്കുമ്പോൾ സ്വാഭാവികമായും ജനങ്ങൾക്കിടയിൽ സംശയം വളരാൻ കാരണമാകും. ജഡ്ജിയുടെ മുമ്പിൽ വരുന്ന കേസുകളിൽ വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ഉത്തരം കണ്ടെത്താനാണ് ശ്രമിക്കേണ്ടത്. അത്തരമൊരു ശ്രമം ബാബരി-അയോധ്യ തർക്കവിഷയത്തിൽ ഉണ്ടായില്ല എന്ന ആക്ഷേപം നിലനിൽക്കുന്നു. തെളിവുകളും വസ്തുതകളും നോക്കുമ്പോൾ ഹിന്ദുത്വവാദികളുടെ വാദങ്ങൾക്ക് പ്രസക്തിയില്ലെന്ന് ന്യായാധിപർക്ക് തന്നെ ബോധ്യപ്പെടുന്നു. അതേസമയം അവർക്ക് എതിരായി വിധി പ്രസ്താവിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളെ ഭയപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയൊരു ആശയക്കുഴപ്പമാണ് ദൈവത്തോട് പ്രാർഥിച്ച് പ്രതിവിധി തേടുന്നതിലേക്ക് എത്തുന്നത്. ഇതിൽ നിന്നും ബാബരി വിഷയത്തിലെ 'ദൈവിക ഇടപെടൽ' അസ്ഥാനത്താണെന്ന് ബോധ്യപ്പെടുന്നു. മനഃസാക്ഷിയുടെ ബോധ്യങ്ങളെ മറക്കാൻ വ്യാജ 'ദൈവിക' ഇടപെടലുകൾക്ക് സാധിക്കില്ല.

## സംശയം ജനിപ്പിക്കുന്ന ഇടപെടലുകൾ

ബാബരിയുടെ വിധി പറഞ്ഞ ബെഞ്ചിലെ പ്രമുഖ അംഗമായിരുന്ന ചന്ദ്രചൂഡ് ചീഫ് ജസ്റ്റിസ് ആയപ്പോൾ ഗ്യാൻവാപി മസ്ജിദ് വിഷയത്തിൽ എടുത്ത നടപടി വിമർശനവിധേയമായിരുന്നു. 1991ലെ ആരാധനാലയ സംരക്ഷണ നിയമം നിലനിൽക്കെ ഗ്യാൻവാപിയുടെ കാര്യത്തിൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യക്ക് ഉദ്ഖനനത്തിനുള്ള അനുമതി നൽകിയത് ശരിയായ നടപടിയായിരുന്നില്ല. ഇനിയൊരു ആരാധനാലയത്തിന്റെ കാര്യത്തിലും ഒരു പുനഃപരിശോധനയും പാടില്ലെന്നും എല്ലാം 1947 ആഗസ്റ്റ് 15ന് ആരാധനാലയം ആരുടെ കൈവശമായിരുന്നുവോ അപ്രകാരം നിജപ്പെടുത്തണമെന്നും ബാബരി വിധിയിൽ എഴുതിവെച്ച അംഗം കൂടിയായിരുന്നു ചന്ദ്രചൂഡ്. ബാബരിയുടെ വിധി എഴുതി മഷിയുണങ്ങും മുമ്പ് തന്നെ അതിന് കടകവിരുദ്ധമായ തീരുമാനമെടുത്തത് ചന്ദ്രചൂഡിന്റെ മനഃസാക്ഷി പോലും അംഗീകരിച്ചുകാണില്ല. 'പരിശോധന' പാടില്ലെന്ന് വിധിയിൽ പറഞ്ഞിട്ടില്ല എന്ന സാങ്കേതികത്വം പറഞ്ഞുകൊണ്ടാണ് അദ്ദേഹം ഉദ്ഖനന അനുമതി നൽകിയത് എന്നത് ഞെട്ടിപ്പിക്കുന്നതാണ്.

## ഹാദിയാ വിധിയുടെ ഉപജ്ഞാതാവ്

ഇങ്ങനെയുള്ള വിമർശനങ്ങൾ ഡി.വൈ.ചന്ദ്രചൂഡ് നേരിടുന്നുണ്ടെങ്കിലും ബാഹ്യ ഇടപെടലുകളും മതപരമായ മുൻധാരണകളും തന്റെ വിധികളെ സ്വാധീനിക്കില്ല എന്ന് ഉറപ്പുവരുത്തിയ ഒട്ടനവധി വിധികളുടെ ഉപജ്ഞാതാവാണ് അദ്ദേഹം. ഹാദിയ കേസ് അതിനൊരു ഉദാഹരണമാണ്.

വ്യക്തിസ്വാതന്ത്ര്യവും മതനിരപേക്ഷതയും ഉയർത്തിപ്പിടിച്ച, ചരിത്രത്തിൽ ഇടം നേടിയ ഹാദിയ കേസിൽ രാജ്യത്തിന് പ്രതീക്ഷ നൽകിക്കൊണ്ടുള്ള വിധി പ്രസ്താവിച്ചതും അദ്ദേഹം തന്നെയായിരുന്നു. 'ഹാദിയയും അച്ഛനും തമ്മിലുള്ള ഭിന്നത ദൗർഭാഗ്യകരമായിരിക്കാം. എന്നാൽ ഒരു വ്യക്തി എന്ന നിലയ്ക്ക് ന്യായമായതും ശരിയായതുമായ ജീവിതരീതി തീരുമാനിക്കാനുള്ള ഹാദിയയുടെ അവകാശത്തിൽ ഹൈക്കോടതി ഇടപെടുന്നത് ശരിയല്ല. ഹാദിയക്ക് സ്വന്തം വ്യക്തിത്വത്തിന്മേൽ പൂർണമായ സ്വയംഭരണാവകാശമുണ്ട്.' ലളിതവും സുവ്യക്തവുമായ, ചന്ദ്രചൂഡിന്റെ പ്രസ്താവന രാജ്യത്തിന് പകർന്ന ആശ്വാസം കുറച്ചൊന്നുമായിരുന്നില്ല.

(തുടരും)

# നോമ്പ്; ചില സംശയങ്ങൾ

## ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്

**? ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും നോമ്പ് ഉപേക്ഷിക്കാമോ? ഉപേക്ഷിച്ച നോമ്പ് പിന്നീട് നോറ്റുവീട്ടേണ്ടതുണ്ടോ? പ്രായശ്ചിത്തം നിർബന്ധമുണ്ടോ?**

ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും രോഗികളെപ്പോലെയാണ്. നോമ്പെടുക്കുന്നതിനു പ്രയാസമുണ്ടെങ്കിൽ ഉപേക്ഷിക്കാം. പിന്നീട് കഴിയുന്ന സമയത്ത് നോറ്റുവീട്ടണം.

നഷ്ടപ്പെട്ട ഓരോ നോമ്പിനും ഓരോ അഗതിക്കു ഭക്ഷണം നൽകിയാൽ മതിയെന്ന ചില പണ്ഡിതന്മാരുടെ അഭിപ്രായം ദുർബലമാണ്. രോഗികൾ, യാത്രക്കാർ എന്നിവരെപ്പോലെ ഇവർക്കും നോറ്റുവീട്ടൽ നിർബന്ധമാണ്. ഇതാണ് ശരിയായ വീക്ഷണം. അല്ലാഹു പറയുന്നു:

فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ (البقرة:184)

“നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽനിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്).”

നബി(സ്വ) പറഞ്ഞു:

إن الله وضع عن المسافر الصوم وشطر الصلاة، وعن الحبلى والمرضع الصوم

“നിശ്ചയം അല്ലാഹു യാത്രക്കാരന് നമസ്കാരം ചുരുക്കി നിർവഹിക്കാനും നോമ്പ് ഉപേക്ഷിക്കാനും അനുവാദം നൽകിയിരിക്കുന്നു; ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീക്കും നോമ്പ് ഉപേക്ഷിക്കാനും.”

**? പ്രായം ചെന്നവർ, രോഗശമനത്തിനു സാധ്യതയില്ലാത്ത രോഗികൾ തുടങ്ങി നോമ്പുപേക്ഷിക്കാൻ അനുവദിക്കപ്പെട്ടവർക്ക് പ്രായശ്ചിത്തം നിർബന്ധമാണോ?**

പ്രായാധിക്യം, ശമന പ്രതീക്ഷയില്ലാത്ത രോഗം എന്നിവയാൽ നോമ്പനുഷ്ഠിക്കാൻ കഴിയാത്തവർ സാമ്പത്തിക ശേഷിയുണ്ടെങ്കിൽ ഓരോ നോമ്പിനും ഓരോ അഗതിക്ക് ആഹാരം നൽകണം. ഇബ്നു അബ്ബാസ്(റ) അടക്കം ഒരു സംഘം സ്വഹാബിമാർ ഇങ്ങനെ മതവിധി നൽകിയിരുന്നു.

**? ആർത്തവകാരികൾക്കും പ്രസവിച്ചു കിടക്കുന്നവർക്കും നോമ്പ് നോൽക്കേണ്ടതുണ്ടോ? അടുത്ത റമദാൻ വരെ നോമ്പ് നോറ്റുവീട്ടാതിരുന്നാലുള്ള പ്രായശ്ചിത്തമെന്താണ്?**

ആർത്തവകാലത്തും പ്രസവാനന്തരവും നോമ്പും നമസ്കാരവും നിഷിദ്ധവും സാധുതയില്ലാത്തതുമാണ്. നോമ്പ് പിന്നീട് നോറ്റുവീട്ടണം. എന്നാൽ നമസ്കാരം വീട്ടേണ്ടതില്ല. ആർത്തവകാരികൾ നമസ്കാരവും നോമ്പും മറ്റു സമയങ്ങളിൽ വീട്ടേണ്ടതുണ്ടോ എന്ന് ആഇശ(റ)യോട് ചോദിച്ചു. അവർ പറഞ്ഞു: ‘നോമ്പ് നോറ്റുവീട്ടാൻ ഞങ്ങളോട് നബി(സ്വ) കൽപിച്ചിരുന്നു. എന്നാൽ നമസ്കാരം വീട്ടുന്നതിനു കൽപിച്ചിരുന്നില്ല.’ ആഇശ(റ)യുടെ ഈ പ്രസ്താവനയെ സംബന്ധിച്ച് പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. ദിനേന അഞ്ച് തവണ ആവർത്തിക്കപ്പെടുന്ന നമസ്കാരം പിന്നീട് നിർവഹിക്കുക പ്രയാസകരമാണ്. എന്നാൽ വർഷത്തിൽ ഒരിക്കൽ മാത്രമുള്ള നോമ്പ് നോറ്റുവീട്ടുക താരതമ്യേന എളുപ്പമാണ്. അല്ലാഹു സ്ത്രീകൾക്കു നൽകിയ ഈ ഇളവ് അവന്റെ അപാരമായ ഒരനുഗ്രഹമാണ്. ന്യായമായ കാരണം കൂടാതെ അടുത്ത റമദാൻ വരെ നോമ്പ് നോറ്റുവീട്ടുന്നതിൽ വീഴ്ച വരുത്തുന്നവർ പശ്ചാത്തപിക്കുകയും ഓരോ നോമ്പിനും ഒരഗതിക്ക് എന്ന കണക്കിൽ ആഹാരം നൽകുകയും നോറ്റുവീട്ടുകയും വേണം. യാത്രക്കാരനും രോഗിക്കും ഈ വിധി ബാധകമാണ്. യാത്ര അടുത്ത റമദാൻവരെ നീണ്ടു പോവുകയോ രോഗം തുടരുകയോ ചെയ്താൽ നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടിയാൽ മതി. പ്രായശ്ചിത്തം ആവശ്യമില്ല. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുസ്സജദ

## സാംഷ്ടാംഗം

(മക്കയിൽ അവതരിച്ചത്)

അധ്യായം 32

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

الم ﴿١﴾

تَنزِيلُ الْكِتَابِ لَا رَيْبَ فِيهِ مِن رَّبِّ الْعَالَمِينَ ﴿٢﴾

أَمْ يَقُولُونَ افْتَرَاهُ ۚ بَلْ هُوَ الْحَقُّ مِن رَّبِّكَ لِتُنذِرَ
قَوْمًا مَّا أَتَاهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ
يَهْتَدُونَ ﴿٣﴾

اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا فِي
سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ ۖ مَا لَكُم
مِّن دُونِهِ مِن وَلِيٍّ وَلَا شَفِيعٍ ۚ أَفَلَا تَتَذَكَّرُونَ ﴿٤﴾

يُدَبِّرُ الْأَمْرَ مِنَ السَّمَاءِ إِلَى الْأَرْضِ ثُمَّ يَعْرُجُ إِلَيْهِ
فِي يَوْمٍ كَانَ مِقْدَارُهُ أَلْفَ سَنَةٍ مِّمَّا تَعُدُّونَ ﴿٥﴾

1. അലിഫ്-ലാം-മീം.
2. ഈ ഗ്രന്ഥത്തിന്റെ അവതരണം സർവലോകരക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല.
3. അതല്ല, ഇത് അദ്ദേഹം കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? അല്ല, അത് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാകുന്നു. നിനക്ക് മുമ്പ് ഒരു താക്കീതുകാരനും വന്നിട്ടില്ലാത്ത ഒരു ജനതക്ക് താക്കീത് നൽകുവാൻ വേണ്ടിയത്രെ അത്. അവർ സൻമാർഗം പ്രാപിച്ചേക്കാം.
4. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ആറു ദിവസങ്ങളിൽ (ഘട്ടങ്ങളിൽ) സൃഷ്ടിച്ചവനാകുന്നു അല്ലാഹു. പിന്നീട് അവൻ സിംഹാസനസ്ഥനായി. അവന്നു പുറമെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയും ശുപാർശകനുമില്ല. എന്നിരിക്കെ നിങ്ങൾ ആലോചിച്ച് ഗ്രഹിക്കുന്നില്ലേ?
5. അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരു ദിവസം കാര്യം അവങ്കലേക്ക് ഉയർന്ന് പോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു ആ ദിവസത്തിന്റെ അളവ്.

2. ഈ പരിശുദ്ധ ഗ്രന്ഥം ലോകരക്ഷിതാവിൽനിന്ന് മനുഷ്യർക്ക് അവതരിച്ചതാണെന്ന് അല്ലാഹു പറയുന്നു. അവനാണ് അവരെ കാരുണ്യത്തോടെ വളർത്തിയത്. അല്ലാഹു ജനങ്ങൾക്ക് അറിവ് നൽകുകയും പരിപാലിക്കുകയും മാർഗദർശനം നൽകുകയും ചെയ്ത ഏറ്റവും വലിയ ഉപാധികളിലൊന്നാണ് ഈ ഗ്രന്ഥം. അവരുടെ ജീവിതസാഹചര്യങ്ങളും സ്വഭാവങ്ങളും ശരിയാക്കുന്നതിൽ ഈ ഗ്രന്ഥം ഏറെ പങ്കുവഹിച്ചു. സംശയമോ ആശയക്കുഴപ്പമോ ഇല്ലാത്ത ഗ്രന്ഥമാണിത്.

3. (എന്നിട്ടും) മുഹമ്മദ് സ്വന്തം നിലക്ക് ഇത് കെട്ടിച്ചമച്ചുണ്ടാക്കിയതാണെന്ന് സത്യനിഷേധികൾ ദൂതനെക്കുറിച്ച് പറഞ്ഞു. അല്ലാഹുവിന്റെ വാക്കുകളെ

അവൻ നിങ്ങളെ ശിക്ഷിക്കാൻ തീരുമാനിക്കുകയാണെങ്കിൽ (അവന്റെ ശിക്ഷയിൽ) നിന്ന് നിങ്ങളെ വിടുവിക്കാൻ നിങ്ങൾക്കുവേണ്ടി മധ്യസ്ഥത വഹിക്കാൻ ആർക്കാകും? (നിങ്ങൾ ആലോചിച്ച് ഗ്രഹിക്കുന്നില്ല) അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. ആകാശഭൂമികളുടെ സ്രഷ്ടാവ് സിംഹാസനത്തിൽ ആരോപണം ചെയ്തു. അവർ മാത്രമാണ് നിങ്ങളെ നിയന്ത്രിക്കുന്നത്. എല്ലാ ശുപാർശയും അവന്നാണ്. എല്ലാ ആരാധനകൾക്കും യഥാർഥ അവകാശിയും അവൻ തന്നെ.

5) (അവൻ കാര്യങ്ങളെ നിയന്ത്രിക്കുന്നു) മതപരമായ കാര്യങ്ങളും സംഭവിക്കാനിരിക്കുന്ന കാര്യങ്ങളുമെല്ലാം അവൻ മാത്രമാണ് നിയന്ത്രിക്കുന്നത്. ഈ നിയന്ത്രണങ്ങളെല്ലാം കഴിവുറ്റവനായ പരമാധികാരിയിൽ നിന്നാണ്. (ആകാശത്തുനിന്ന് ഭൂമിയിലേക്ക്) അതു മുഖേന ചിലരെ അവൻ സൗഭാഗ്യവാന്മാരാക്കുന്നു. ചിലർക്ക് കഷ്ടപ്പാടും സമ്പന്നതയും ദാരിദ്ര്യവും നിന്ദ്യതയും നൽകുന്നു. ചിലർക്ക് പ്രതാപവും ആദരവും. ചിലർക്ക് അപമാനവും. ചില ജനതകളെ അവൻ ഉയർത്തുകയും ചിലരെ അവൻ താഴ്ത്തുകയും ചെയ്യുന്നു. അവൻ ഭക്ഷണം നൽകുന്നു. (പിന്നീട് അവങ്കലേക്ക് ഉയർന്നു പോകുന്നു) കാര്യങ്ങൾ അവനിൽനിന്ന് ഇറങ്ങി വരുന്നു; അവനിലേക്ക് കേറിപ്പോവുകയും ചെയ്യുന്നു. (നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു അതിന്റെ അളവ്) അത് അവനിലേക്ക് കേറിപ്പോകുന്നു. നിമിഷംകൊണ്ട് അവന്റെ അടുക്കൽ അതെത്തുന്നു, രക്ഷിതാവിൽനിന്ന് അവതരിച്ചതായാൽ അത് സത്യമാണ്. അത് (സത്യം) ആണ്. കാരണം സത്യം എല്ലാ സാഹചര്യത്തിലും അംഗീകരിക്കപ്പെടേണ്ടതാണ്. ഒരു നിലയ്ക്കും അതിനെ സംബന്ധിച്ച് യാതൊരു സംശയവുമില്ല.

അതിൽ സംശയമുളവാകാൻ ഒന്നുമില്ല. എന്താണ് സംഭവിച്ചതെന്ന് കൃത്യമായി പറയാത്ത ഒരു കഥയും അർഥം അവ്യക്തവും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ ഒന്നുംതന്നെയില്ല. അവർ ഒരു ദൈവിക സന്ദേശത്തിലേക്ക് അത്രയും ആവശ്യക്കാരായിരുന്നു. എല്ലാ നൻമകൾക്കും നേട്ടങ്ങൾക്കും ഉള്ള മാർഗനിർദേശം അതിലുണ്ട്.

4) അല്ലാഹു അവന്റെ തികഞ്ഞ കഴിവിനെക്കുറിച്ചാണ് പരാമർശിക്കുന്നത്: (ആകാശങ്ങളെയും ഭൂമിയെയും അവയ്ക്കിടയിലുള്ളതും ആറു ദിനങ്ങൾകൊണ്ട് സൃഷ്ടിച്ചവനാണവൻ) അതിൽ ആദ്യദിനം ഞായറാഴ്ചയും അവസാനത്തേത് വെള്ളിയാഴ്ചയുമാണ്; തൽക്ഷണം അവരെ സൃഷ്ടിക്കാൻ അവന് കഴിയുമെങ്കിലും. അല്ലാഹു സൗമ്യതയുള്ളവനും യുക്തിമാനുമാണ്. (പിന്നീടവൻ സിംഹാസനത്തിൽ ആരോഹണം ചെയ്തു) അത് സർവ സൃഷ്ടികൾക്കും മുകളിലാണ്. അവന്റെ മഹത്ത്വത്തിന് യോജിക്കുന്ന വിധത്തിലുള്ള ആരോഹണം. (അവനു പുറമെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയും ഇല്ല) നിങ്ങളുടെ കാര്യങ്ങൾ ഏറ്റെടുക്കാനും നിങ്ങൾക്ക് എന്തെങ്കിലും ഉപകാരം ചെയ്യാനും, അല്ലെങ്കിൽ (ശുപാർശകനുമില്ല). നിഷേധിക്കാൻ ഏറ്റവും വലിയ ധൈര്യമാണ് അവർ കാണിച്ചത്. ഏറ്റവും വലിയ കളവാണ് അവർ പ്രവാചകന്റെ പേരിൽ പറഞ്ഞത്. സ്രഷ്ടാവിന്റെ വാക്കുകൾ പോലുള്ള വാക്ക് പറയാൻ സൃഷ്ടികൾക്കും കഴിയുമെന്ന് അവർ കരുതി. ഇതോരോന്നും വലിയ കുറ്റമാണ്. സ്വയം കെട്ടിച്ചമച്ചതാണ് എന്ന് പറഞ്ഞതിനുള്ള മറുപടിയായി അല്ലാഹു പറയുന്നു: (അല്ല, അത് സത്യമാകുന്നു) അതിന്റെ മുന്നിൽ നിന്നോ പിന്നിൽനിന്നോ യാതൊരു അസത്യവും വരികയില്ല. സ്തുത്യർഹനും അഗാധജ്ഞനുമായ അല്ലാഹുവിൽ നിന്നാണിതിന്റെ അവതരണം. (നിന്റെ രക്ഷിതാവിൽ നിന്ന്) തന്റെ ദാസന്മാർക്ക് കരുണയായി ഇറക്കി. (നിനക്കു മുമ്പ് ഒരു താക്കീതുകാരനും വന്നിട്ടില്ലാത്ത ഒരു ജനതക്ക് താക്കീത് നൽകുവാൻ വേണ്ടിയത്രെ അത്) അതായത്, മുമ്പ് ഒരു താക്കീതുകാരനും ഇല്ലാതിരുന്നതിനാൽ ദൂതന്റെ വരവും ഗ്രന്ഥാവതരണവും അനിവാര്യമായ അവസ്ഥയിലായിരുന്നു അവർ. അവർ തങ്ങളുടെ അജ്ഞതയിലും വഴിപിഴവിലും അന്ധമായി അലഞ്ഞുതിരിയുകയുമായിരുന്നു. ആ സമയം ഈ ഗ്രന്ഥം നാം നിനക്ക് ഇറക്കിത്തന്നു. (അവർ സൻമാർഗം പ്രാപിച്ചേക്കാം) അവരുടെ വഴികേടിൽ നിന്നും അവർ സത്യം മനസ്സിലാക്കുകയും അതിനെ തിരഞ്ഞെടുക്കുകയും ചെയ്തേക്കാം. ഇതെല്ലാം അല്ലാഹു പറയുന്നത് അവരുടെ നിഷേധത്തെ ഖണ്ഡിക്കാൻ വേണ്ടിയാണ്. അവരിതെല്ലാം സത്യപ്പെടുത്തുകയും വിശ്വസിക്കുകയും ചെയ്യണമെന്നാണ് ഇതിന്റെ താൽപര്യം. അത് അവരുടെ ■



അബൂറാഷിദ അൽകാസിമി
കുടയത്തൂർ

> തന്റെ ഭാര്യമാരുടെ വീടുകൾ സന്ദർശിച്ച് അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുന്നത് അവരുടെ ഹൃദയത്തിന് സമാധാനവും സന്തോഷവുമാണ്. ഭർത്താവ് തങ്ങളെ സ്നേഹിക്കുന്നു എന്ന് മനസ്സിലാകുമ്പോൾ തിരിച്ചും സ്നേഹവും ബഹുമാനവും ഉണ്ടാവാൻ അത് കാരണമാകും. അതാണ് അവർ നബി(സ്വ)യോട് ചോദിച്ചത്; 'അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ കുടുംബം എന്തെടുക്കുന്നു?'

**മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം 08**

# ഇണകളുടെ ആവശ്യങ്ങൾ മനസ്സിലാക്കുക

അല്ലാഹുവിനുള്ള ഇബാദത്ത് ഭാര്യമാരോടൊപ്പമുള്ള ആനന്ദത്തിനും നേരമ്പോക്കിനും സംസാരത്തിനും സമയം കണ്ടെത്തുന്നതിന് നബി(സ്വ)ക്ക് തടസ്സമായിട്ടില്ല.

ആഇശ(റ) നിവേദനം: "നിശ്ചയം, നബി(സ്വ) നമസ്കാരം കഴിയുമ്പോൾ ഞാൻ ഉണർന്നിരിക്കുകയാണെങ്കിൽ എന്നോട് സംസാരിക്കും. അല്ലെങ്കിൽ നമസ്കാരത്തിന് ബാങ്ക് കൊടുക്കുന്നതുവരെ കിടക്കും" (ബുഖാരി 1161).

യാത്രയിലാണെങ്കിൽ പോലും (യാത്രയിലുള്ള) ഭാര്യയോട് സംസാരിക്കുകയും ഒപ്പം നടക്കുകയും ചെയ്യുമായിരുന്നു. ആഇശ(റ)

നിവേദനം: "ഒരു യാത്ര ഉദ്ദേശിച്ചാൽ അവിടുത്തെ ഭാര്യമാരുടെ ഇടയിൽ നറുക്കിടുമായിരുന്നു. അങ്ങനെ ഒരിക്കൽ നറുക്ക് വീണത് ആഇശ(റ)ക്കും ഹഫ്സ(റ)ക്കുമായിരുന്നു. രാത്രിയായപ്പോൾ നബി(സ) ആഇശ(റ)യോട് സംസാരിച്ചുകൊണ്ട് യാത്രചെയ്തു" (ബുഖാരി 5211, മുസ്‌ലിം 2445).

നവവധുവുമായി വീട് കൂടുന്ന രാത്രിയിൽ പോലും നബി(സ) ഭാര്യമാരോടുള്ള ഈ സമീപനം ഒഴിവാക്കിയിരുന്നില്ല. അനസ് ഇബ്നു മാലിക്(റ) പറയുന്നു: "ജഹ്ശിന്റെ മകൾ സൈനബു(റ)മായി വീട് കൂടിയ അന്ന് ഇറച്ചിയും റൊട്ടിയുമുണ്ടാക്കി. ഭക്ഷണം കഴിക്കാൻ ഞാൻ ആളുകളെ ക്ഷണിച്ചു. ഒരു വിഭാഗം വരുന്നു; അവർ കഴിക്കുന്നു, പോകുന്നു. പിന്നെയും ഒരു വിഭാഗം വരുന്നു; അവർ കഴിക്കുന്നു, തിരിച്ചുപോകുന്നു: 'ഇനി ഒരാളും കഴിക്കാനില്ലാത്ത അവസ്ഥയിൽ എല്ലാവരെയും ഞാൻ ക്ഷണിച്ചു. അല്ലാഹുവിന്റെ ദൂതരേ, ഇനി ക്ഷണിക്കാൻ ഞാൻ ആരെയും കാണുന്നില്ല.' നബി(സ) പറഞ്ഞു: 'നിങ്ങളുടെ ഭക്ഷണം നിങ്ങൾ മാറ്റിവെക്കുക.' എന്നിട്ട് നബി(സ) മുറിയിലേക്ക് പുറപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു: 'അസ്സലാമു അലൈക്കും അഹ്‌ലൽ ബൈത്തി, വറഹ്മത്തുല്ലാഹി' (വീട്ടുകാരേ, നിങ്ങൾക്ക് അല്ലാഹുവിന്റെ സമാധാനവും കരുണയും ഭവിക്കട്ടെ). അപ്പോൾ ആഇശ(റ) പറഞ്ഞു: 'വ അലൈകുമുസ്സലാം വറഹ്മത്തുല്ലാഹ്, അങ്ങയുടെ കുടുംബത്തിന്റെ (ഭാര്യയുടെ) അവസ്ഥ എന്താണ്? അല്ലാഹു അവർക്ക് ഐശ്വര്യം നൽകട്ടെ.' നബി(സ) എല്ലാ ഭാര്യമാരുടെ മുറികളും സന്ദർശിച്ചു. ആഇശ(റ)യോട് പറഞ്ഞതുപോലെ അവരോടും പറഞ്ഞു. അവരും നബി(സ)യോട് ആഇശ(റ) (റ)പറഞ്ഞതു പോലെ തിരിച്ചും പറഞ്ഞു" (ബുഖാരി 4792, മുസ്‌ലിം 1428).

തന്റെ ഭാര്യമാരുടെ വീടുകൾ സന്ദർശിച്ച് അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുന്നത് അവരുടെ ഹൃദയത്തിന് സമാധാനവും സന്തോഷവുമാണ്. ഭർത്താവ് തങ്ങളെ സ്നേഹിക്കുന്നു എന്ന് മനസ്സിലാകുമ്പോൾ തിരിച്ചും സ്നേഹവും ബഹുമാനവും ഉണ്ടാവാൻ അത് കാരണമാകും. അതാണ് അവർ നബി(സ)യോട് ചോദിച്ചത്; 'അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ കുടുംബം എന്തെടുക്കുന്നു?'

നബി(സ)യുടെ ഭാര്യമാർ ബുദ്ധിമതികളും ക്ഷമാശീലരും കുടുംബ ബന്ധം നന്നായി പുലർത്താൻ അറിയുന്നവരും ആയിരുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ ആ കുടുംബത്തിൽ പല അവിവേകങ്ങളും ഉണ്ടാകുമായിരുന്നു. എന്നാൽ അവർ പരിശുദ്ധ നബി(സ)യുടെ പരിശുദ്ധ പത്നിമാരായിരുന്നു.

ഒരു നിവേദനത്തിൽ ഇപ്രകാരമാണുള്ളത്: "നബി(സ) എല്ലാ ഭാര്യമാരുടെയും അടുക്കൽ എത്തി സലാം പറയുമായിരുന്നു: 'നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ വീട്ടുകാരേ, എന്തുണ്ട് നിങ്ങളുടെ വിശേഷങ്ങൾ?' അപ്പോൾ അവർ പറയുമായിരുന്നു: 'അല്ലാഹുവിന്റെ ദൂതരേ, നല്ലതുതന്നെ. അങ്ങയുടെ കുടുംബത്തിന്റെ സ്ഥിതി എന്താണ്?' അപ്പോൾ നബി (സ) പറയുമായിരുന്നു: 'നല്ലതു തന്നെ' (മുസ്‌ലിം 1427).

ഇമാം നവവി(റഹി) പറയുന്നു: "ഈ ഹദീസ് പഠിപ്പിക്കുന്നത്; ഒരാൾ തന്റെ വീട്ടിൽ വന്നാൽ ഭാര്യയോടും വീട്ടിലുള്ളവരോടും സലാം പറയൽ മുസ്തഹബ്ബാണ്. എന്നാൽ പൊങ്ങച്ചക്കാരായ ദീനിൽ വിവരമില്ലാത്തവർ ഇതിന് മടിക്കുകയോ അഹങ്കാരത്തിന്റെ പേരിൽ വിമുഖത കാണിക്കുകയോ ചെയ്യുന്നു. അപ്രകാരം അവരുടെ വിശേഷങ്ങൾ ചോദിച്ചറിയണം. ചിലപ്പോൾ ഭാര്യയുടെ മനസ്സിൽ ഒരു അഭിപ്രായം ഉണ്ടാകും. അവൾക്ക് അത് തുറന്നു പറയാൻ ലജ്ജയുണ്ടാകും. എന്നാൽ അവളോട് അന്വേഷിച്ചാൽ അവളുടെ ആവശ്യങ്ങൾ തുറന്ന് പറയും" (ശർഹു സ്വഹീഹ് മുസ്‌ലിം 9/225).



ലേഖനം

ഡോ. ടി. കെ. യൂസുഫ്
: 9349798262

# വ്രതം; ആത്മീയതക്കും ആരോഗ്യത്തിനും

‘നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, അമിതമാകരുത്’ എന്നാണ് ക്വുർആൻ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. ഈ മാർഗനിർദേശങ്ങൾ പാലിച്ചെങ്കിൽ മാത്രമെ നോമ്പിന്റെ ചൈതന്യമുൾക്കൊണ്ട് ആരാധനകളിൽ നിരതരാകാനും ആരോഗ്യം നേടിയെടുക്കാനും കഴിയൂ.

മനുഷ്യന്റെ ആത്മീയതയെ ശക്തിപ്പെടുത്തുന്നതിനും മൃഗീയ വാസനകൾക്ക് കടിഞ്ഞാണിടുന്നതിനും സഹായകമായ ഒരു ആരാധനയാണ് നോമ്പ്. അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ ഭക്തിയുള്ളവരായേക്കാം” (ക്വുർആൻ 2:183).

മനുഷ്യരുടെ അമിതഭോജനം മതകാര്യങ്ങൾ അനുഷ്ഠിക്കുന്നതിൽ അവർക്ക് ആലസ്യമുണ്ടാക്കുകയും അതുവഴി അവരുടെ ആത്മീയ ചൈതന്യം ചോർന്നുപോകുകയും ചെയ്യും. മാനവചരിത്രം പരിശോധി ക്കുകയാണങ്കിൽ സമൂഹത്തിലെ പട്ടിണിപ്പാവങ്ങൾ സമ്പന്നരെക്കാൾ ഭക്തരും മതകാര്യങ്ങളിൽ നിഷ്ഠപുലർത്തുന്നവരുമായിരുന്നെന്ന് കാണാൻ കഴിയും. പ്രവാചകന്മാരെ പിൻപറ്റിയവരിൽ അധികപേരും സമൂഹത്തിലെ താഴെക്കിടയിൽ പെട്ടവരാ

യിരുന്നല്ലോ.

മാനവകുലത്തിന്റെ ചരിത്രത്തിന് ആമുഖമെഴുതി പ്രസിദ്ധനായ ഇബ്നു ഖൽദൂൻ തന്റെ വിഖ്യാതമായ 'മുകദ്ദിമ'യിൽ മനുഷ്യജീവിതത്തിൽ വിശപ്പുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചും പട്ടിണിയുടെ പോഷണത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. 'ഭൂമിയിലെ ഫലഭൂയിഷ്ഠമായ മേഖലകളിൽ ധാന്യങ്ങളും പഴങ്ങളും ധാരാളം വളരുകയും അവിടെയുള്ളവർക്ക് ജീവിതത്തിൽ സുഭിക്ഷതയുണ്ടാകുകയും ചെയ്യും. എന്നാൽ മണൽക്കാടുകളിലും തരിശുഭൂമികളിലും താമസിക്കുന്നവർക്ക് താരതമ്യേന കുറഞ്ഞ ഭക്ഷണമാണ് ലഭ്യമാകുക. ഇങ്ങനെയൊക്കെയാണങ്കിലും ധാന്യങ്ങളും കറിക്കൂട്ടുകളും കിട്ടാനില്ലാത്ത മരുഭൂവാസികൾക്ക് സുഖസമൃദ്ധിയിൽ കഴിയുന്നവരെക്കാൾ നല്ല ശരീരാരോഗ്യവും സ്വഭാവഗുണങ്ങളും ഉള്ളതായി കാണാം. അവരുടെ നിറം കൂടുതൽ തെളിഞ്ഞതും ശരീരം വെടിപ്പുള്ളതും ആകാരം കുറ്റമറ്റതും ഭംഗിയുള്ളതുമായിരിക്കും" (പേജ് 17).

"വിശപ്പ് സഹിക്കുന്നവരിൽ സന്തുലിതമായ സ്വഭാവഗുണങ്ങളും അറിവ് ആർജിക്കുന്നതിലും വസ്തുതകൾ നിരീക്ഷിക്കുന്നതിലും മറ്റുള്ളവരെക്കാൾ ഉൻമേഷവും ഊർജസ്വലതയും കാണപ്പെടുകയും ചെയ്യുന്നുണ്ട്. ഇതിന് കാരണം മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിന്റെ ആധിക്യവും അതുൾകൊള്ളുന്ന വിനാശകരമായ അധികപ്പറ്റുകളും ദുർനീരുകളും അവന്റെ തലച്ചോറിൽ എത്തുകയും മനസ്സിനെയും ചിന്താശക്തിയെയും അത് മന്ദീഭവിപ്പിക്കുകയും ചെയ്യുന്നതാണ്. അമിതാഹാരം മനുഷ്യന്റെ ബൗദ്ധികവികാസത്തിന് മാത്രമല്ല ദേഷംവരുത്തുന്നത്; അവന്റെ ശരീര സൗന്ദര്യത്തിനും അത് മങ്ങലേൽപി ക്കുന്നുണ്ട്. ഉദാഹരണമായി, തരിശുഭൂമിയിൽ ജീവിക്കുന്ന ജന്തുക്കളായ കലമാൻ, ജിറാഫ് എന്നിവ സമൃദ്ധമായ മേച്ചിൽപുറങ്ങളിൽ ജീവിക്കുന്ന ആട്, ഒട്ടകം എന്നിവയെക്കാൾ രൂപഭംഗിയും സൗന്ദര്യവും ഉള്ളവയാണ്" (പേജ് 18).

ഭക്ഷണസമൃദ്ധി ബുദ്ധിയിലും സൗന്ദര്യത്തിലും മാത്രമല്ല മതകാര്യങ്ങളിലും ദൈവാരാധനയിലും വരെ സ്വാധീനം ചെലുത്തുന്നുണ്ട്. നാട്ടിൻപുറങ്ങളിലാണെങ്കിലും നഗരങ്ങളിലാണെങ്കിലും അഷ്ടിക്ക് വകയില്ലാതെ വിശപ്പും പേറി ഞെങ്ങിഞെരുങ്ങി കഴിയുന്നവർ ഐശ്വര്യത്തിലും സുഭിക്ഷതയിലും കഴിയുന്നവരെക്കാൾ മതബോധമുള്ളവരും മതാനുഷ്ഠാനങ്ങളിൽ ഏർപ്പെടുന്നവരുമായി കാണപ്പെടുന്നുണ്ട്. പ്രപഞ്ചനാഥനും സകല സമ്പത്തുക്കളുടെ ഉടമയുമായ അല്ലാഹു തന്റെ ശ്രേഷ്ഠനായ പ്രവാചകന് വയറു നിറച്ച് ആഹാരം കഴിക്കാൻ അവസരം നൽകിയില്ല എന്ന വസ്തുതയിലും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്. വിശപ്പ് വിനാശകരമായ ഒരു ശാപമായിരുന്നുവെങ്കിൽ അല്ലാഹു തന്റെ തിരുദൂതനെ അതിന്റെ പീഡനമേൽക്കാൻ അനുവദിക്കുമായിരുന്നില്ല. പട്ടിണിക്ക് ആത്മീയ രംഗത്ത് നമുക്ക് അജ്ഞാതമായ ചില പോഷണങ്ങൾ നൽകാൻ കഴിയുന്നതുകൊണ്ടായിരിക്കാം പല പ്രവാചകന്മാരെയും സാത്വികരെയും അല്ലാഹു പട്ടിണിയിൽനിന്ന് കരകയറ്റാതിരുന്നത്. (അല്ലാഹുവാണ് നന്നായി അറിയുന്നവൻ)

വിശപ്പ് താങ്ങാനോ ഭക്ഷണം കുറക്കാനോ കഴിയുന്നത് ആത്മീയരംഗത്ത് മാത്രമല്ല ആരോഗ്യ രംഗത്തും വളരെ പ്രയോജനകരമാണ്. ഇവിടെയാണ് വ്രതം പ്രസക്തമാകുന്നത്. ഒരാൾക്ക് പട്ടിണി മരണം സംഭവിക്കുന്നത് കേവലം വിശപ്പനുഭവക്കുന്നതുകൊണ്ട് മാത്രമല്ല; പ്രത്യുത മുമ്പ് അവൻ വയറുനിറച്ച് ശീലമാക്കിയതുകൊണ്ട് കൂടിയാണ്.

ആദ്യമായി നോമ്പെടുക്കുന്നവർക്ക് ചില ശാരീരിക പ്രയാസങ്ങൾ ഉണ്ടാകാനിടയുണ്ട്. എന്നാൽ നോമ്പ് ശീലമാകുന്നതോടുകൂടി ഇത്തരം പ്രയാസങ്ങൾ വിട്ടുമാറുകയും അത് ആരോഗ്യദായകമായി മാറുകയും ചെയ്യും. വ്രതം ആരോഗ്യത്തിന് ഹാനികരമായിരുന്നുവെങ്കിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ അത് ഒരായുധമാക്കി ഇസ്‌ലാമിനെ വിമർശിക്കുമായിരുന്നു. ഇസ്‌ലാമിന്റെ എതിരാളികൾ പോലും ഇന്ന് നോമ്പിനെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. സർവോപരി ആധുനിക വൈദ്യശാസ്ത്ര പഠനങ്ങളും ഗവേഷണങ്ങളും വ്രതത്തിന്റെ ആരോഗ്യശാസ്ത്രമാനങ്ങളാണ് വെളിപ്പെടുത്തുന്നത്.

നോമ്പനുഷ്ഠിക്കുന്നത് ആരോഗ്യത്തിന് ഒട്ടും അപകടകരമല്ല. പ്രകൃതി ചികിത്സയിൽ ഒട്ടനവധി അസുഖങ്ങളുടെ ശമനത്തിന് അത് അത്യാവശ്യമാണ്. മനുഷ്യൻ രോഗിയായിരിക്കുമ്പോൾ ഭക്ഷണത്തോട് താൽപര്യം കാണിക്കാറില്ല. രോഗിയുടെ ഉറ്റവരുടെ നിർബന്ധംകൊണ്ട് മാത്രമാണ് വല്ലതും അകത്താക്കാറുള്ളത്. നാം കഴിക്കുന്ന ഭക്ഷണം ദഹിപ്പിക്കാൻ ശരീരം ധാരാളം ഊർജം ചെലവഴിക്കുകയും അധ്വാനിക്കുകയും ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് തന്നെ രോഗാവസ്ഥയിൽ ഭക്ഷണം കഴിക്കുന്നത് സ്വാഭാവിക രോ

ഗശമനത്തിന് വിഘാതം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

മനുഷ്യന്റെ ശാരീരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഇന്ധനം ലഭിക്കുന്നത് അവൻ കഴിക്കുന്ന ഭക്ഷണത്തിൽനിന്നാണ്. എന്നാൽ ഭക്ഷണം തീരുന്നതോടുകൂടി പ്രവർത്തനങ്ങൾ പാടെ നിലയ്ക്കുന്ന രൂപത്തിലല്ല അല്ലാഹു മനുഷ്യശരീരത്തെ രൂപകൽപന ചെയ്തിട്ടുള്ളത്. അടിയന്തിര ആവശ്യങ്ങൾക്ക് വേണ്ടി കരൾ മിച്ചം വരുന്ന ഭക്ഷണത്തെ ഗ്ലൈക്കോജനാക്കി കരുതിവെക്കാറുണ്ട്. ഇങ്ങനെ കരുതി വെച്ച ഗ്ലൈക്കോജനെ ഗ്ലൂക്കോസാക്കി മാറ്റിയാണ് ഭക്ഷണം ലഭിക്കാതെ വരുമ്പോഴുള്ള ഊർജപ്രതിസന്ധി പരിഹരിക്കാറുള്ളത്. തുടർന്നും ഭക്ഷണം ലഭിക്കാതെ മണിക്കൂറുകൾ പിന്നിട്ടാൽ ശരീരം കൊഴുപ്പിലും മാംസ പേശികളിലും കൈവെച്ച് പ്രതിസന്ധി പരിഹരിക്കും. ഒരു നോമ്പുകാരനെ സംബന്ധിച്ചേടത്തോളം അവന് തീരെ നിൽക്കക്കള്ളിയില്ലാതാകുന്നതിന് മുമ്പായി നോമ്പിന്റെ സമയം അവസാനിക്കുകയും വീണ്ടും ഭക്ഷണം കഴിച്ച് ഊർജ പ്രതിസന്ധി തീർക്കാനാവുകയും ചെയ്യും.

മനുഷ്യന്റെ ദഹനേന്ദ്രിയ വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒട്ടേറെ അവയവങ്ങൾക്ക് അൽപം വിശ്രമം ലഭിക്കും എന്നതാണ് നോമ്പുകൊണ്ട് ലഭിക്കുന്ന മറ്റൊരു ഭൗതികനേട്ടം. ഉദാ: വൃക്കകൾ രക്തത്തിലെ മാലിന്യങ്ങൾ അരിക്കുന്ന ജോലിയിൽ മുഴുകിയിരിക്കുകയാണ്. എത്രകണ്ട് ഭക്ഷണം അകത്താക്കുന്നുവോ അത്രകണ്ട് അതിന് ജോലിഭാരവും കൂടും. നോമ്പെടുക്കുമ്പോൾ വൃക്കകൾക്ക് ജോലിഭാരം കുറയുകയും അതുമുലം വൃക്കരോഗങ്ങളിൽനിന്ന് രക്ഷനേടാൻ സാധിക്കുകയും ചെയ്യും.

പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങളാണ് മുമ്പ് ജനങ്ങളെ വേട്ടയാടിയിരുന്നതെങ്കിൽ ഇന്ന് ഭക്ഷ്യജന്യരോഗങ്ങളാണ് പലരെയും ബാധിക്കുന്നത്. പ്രമേഹം, പ്രഷർ, ഹൃദ്രോഗം എന്നിവ അതിനുദാഹരണമാണ്. ഭക്ഷണ നിയന്ത്രണത്തിലൂടെ ഒരളവോളം ഇവയെ നിയന്ത്രിക്കാനാവും. ഇത്തരം രോഗങ്ങൾ ബാധിക്കുന്നതിൽ പാരമ്പര്യമാണ് പ്രധാന വില്ലനെങ്കിലും വ്രതത്തിലൂടെ ഇവയുടെ പീഡകൾ കുറെയൊക്കെ ലഘൂകരിക്കാനാവും.

വ്രതം ആരോഗ്യദായകമാണെങ്കിലും പകലന്തിയോളം പട്ടിണികിടക്കുകയും രാത്രിയിൽ മൂക്കറ്റം തിന്നുകയും ചെയ്യുന്നവർക്ക് വ്രതത്തിന്റെ ആരോഗ്യനേട്ടങ്ങൾ ലഭിക്കണമെന്നില്ല. റമദാനിലാണെങ്കിലും അല്ലെങ്കിലും ഭക്ഷണത്തെക്കുറിച്ചുള്ള ഇസ്‌ലാമിക മാർഗദർശനങ്ങൾ പാലിക്കേണ്ടതുണ്ട്. നബി(സ്വ) പറഞ്ഞു: 'ഒരു മനുഷ്യന് തന്റെ നട്ടെല്ല് നിവർത്താൻ ഏതാനും ചെറിയ ഉരുളകൾ മതി. ഇനി കൂടാതെ കഴിയില്ലെങ്കിൽ അവന്റെ ആമാശയത്തിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് വായുവിനും ആയിരിക്കട്ടെ.'

'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, അമിതമാകരുത്' എന്നാണ് ഖുർആൻ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. ഈ മാർഗനിർദേശങ്ങൾ പാലിച്ചെങ്കിൽ മാത്രമെ നോമ്പിന്റെ ചൈതന്യമുൾക്കൊണ്ട് ആരാധനകളിൽ നിരതരാകാനും ആരോഗ്യം നേടിയെടുക്കാനും കഴിയൂ. ■



എല്ലാ സമുദായത്തിന്നും ഒരു പരീക്ഷണം ഉണ്ടാകുമെന്നും എന്റെ സമുദായത്തിന്റെ പരീക്ഷണം സമ്പത്താണെന്നും നബി (സ്വ) പറഞ്ഞു. സത്യവിശ്വാസത്തിലെ ആത്മാർഥതയും അച്ചടക്കവും പരീക്ഷണ വിധേയമാകുമെന്നും ഈ പരീക്ഷണത്തിൽ പരാജയപ്പെടുന്നവർ ശിക്ഷിക്കപ്പെടുമെന്നും സാരം. നൂഹ്(അ), ഹൂദ്(അ), സ്വാലിഹ്(അ), മൂസാ(അ) തുടങ്ങിയ നബിമാരുടെ സമൂഹം പരീക്ഷണ വിധേയരായതും ഈ ലോകത്തുനിന്നുതന്നെ ശിക്ഷക്ക് വിധേയരായതും ഏവർക്കും അറിയുന്ന ചരിത്രമാണ്. ഇത് പോലൊരു പരീക്ഷണമാണ് സമ്പത്തുകൊ



കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ
: 9947452245

# സകാത്ത്;
## സമ്പത്തിലെ പരീക്ഷണം

ണ്ട് വിശ്വാസികളെ അല്ലാഹു പരീക്ഷിക്കുന്നത്. അത് എങ്ങനെ സമ്പാദിക്കുന്നു, എങ്ങനെ ചെലവഴിക്കുന്നു, ധൂർത്തും പിശുക്കുമുണ്ടോ, സത്യസന്ധമായി ക്രിയവിക്രയം ചെയ്യുന്നുണ്ടോ തുടങ്ങിയവയാണ് ആ പരീക്ഷണങ്ങൾ. അധികപേരും പരാജയപ്പെടുന്ന മേഖലയും ഇതാണ്. മറ്റെല്ലാ ആരാധനാനുഷ്ഠാനങ്ങളും ശ്രദ്ധിക്കുന്നവർ പോലും ഈ പരീക്ഷണത്തിൽ പരാജയപ്പെടുന്നു. സത്യസന്ധത ഒട്ടുമില്ലാത്ത വ്യാപാര-വ്യവസായങ്ങൾ, ധൂർത്തടിക്കൽ, മതത്തിന്റെ പേരിലുള്ള സമ്പത്തിക ചൂഷണങ്ങൾ, കൈക്കൂലി, പലിശ, അന്യായമായ സമ്പാദ്യരീതി, സകാത്ത് കൊടുത്ത് ശുദ്ധീകരിക്കാത്ത ധനം ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങളിലുള്ള നിസ്സാരമനോഭാവവും അതോടൊപ്പം മതത്തിന്റെ മറ്റുകാര്യങ്ങളിലെ സൂക്ഷ്മതയും പൊതുവെ കണ്ടുവരുന്നു. ഇത് പരീക്ഷണമല്ലാതെ മറ്റെന്താണ്?

ഇസ്‌ലാം മനുഷ്യർക്ക് നിശ്ചയിച്ചു തന്ന അനുഷ്ഠാന കാര്യങ്ങൾ പരിശോധിച്ചാൽ അവയിലെല്ലാം പൊതുവായി സ്വയം സമർപ്പണത്തിന്റെയും വിനയപൂർവമുള്ള പ്രാർഥനയുടെയും അടിസ്ഥാന ആശയം നിലനിൽക്കുന്നതായി കാണാം. അതിനു പുറമെ, വ്യക്തിയുടെ മാനസിക, ശാരീരികാരോഗ്യം, ജീവിതനിഷ്ഠ, സാമൂഹ്യബന്ധം, സാമ്പത്തികവിശുദ്ധി എന്നീ ഘടകങ്ങളും ഈ ആരാധനാനുഷ്ഠാനങ്ങളിൽ കൂടി ഇസ്‌ലാം ലക്ഷ്യമാക്കുന്നു. തനിക്കു ചുറ്റുമുള്ള പരശ്ശതം ജനങ്ങളിൽ വേറിട്ടുനിൽക്കുന്ന ഒരു വ്യക്തിത്വമാണ് രണ്ട് ശഹാദത്തിൽ കൂടി ഒരു വിശ്വാസി സ്വയം പ്രഖ്യാപിക്കുന്നത്. മാനസിക ശുദ്ധിയോടൊപ്പം ശാരീരിക-പരിസര ശുദ്ധി, സമയനിഷ്ഠ, അവധാനത, മനഃശാന്തി, സംഘബോധം തുടങ്ങിയ ഗുണങ്ങൾ കൂടി നമസ്കാരത്തിൽ കൂടി നേടാൻ കഴിയും. ഇതുപോലെ അന്നപാനിയങ്ങളും ആശാസ്യമല്ലാത്ത വാക്കുകളും പ്രവൃത്തികളും ബോധപൂർവം ഉപേക്ഷിച്ചു നോമ്പനുഷ്ഠിക്കുന്നതും, താൻ അധ്വാനിച്ചുനേടിയ സമ്പത്തിൽനിന്നും തനിക്കു ലഭിച്ച ഭൂവിളകളിൽ നിന്നും ഒരു നിശ്ചിത ഓഹരി സാധുക്കൾക്ക് നൽകുന്ന സകാത്തും, മാനവിക സമത്വത്തിന്റെ പ്രതീകമായി ത്യാഗപൂർവം നിർവഹിക്കേണ്ട ഹജ്ജും മുഖേന ആത്മീയ ശുദ്ധിക്കു പുറമെ ഭൗതിക ജീവിതത്തിന്നു വേണ്ട നിലപാടും കാഴ്ചപ്പാടും മനുഷ്യർക്കു ലഭ്യമാക്കുന്നുണ്ട്.

ഈ അനുഷ്ഠാന കാര്യങ്ങളിൽ സാമൂഹ്യ പ്രതി

ബദ്ധത കൂടുതൽ തെളിഞ്ഞുകാണുന്ന സകാത്തിനെപ്പറ്റിയാണ് ഈ ലേഖനത്തിൽ ചില കാര്യങ്ങൾ സൂചിപ്പിക്കുന്നത്.

നല്ലതു മാത്രമെ ഭക്ഷിക്കാവൂ എന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നുണ്ട്. ഒരു വസ്തു നല്ലതാവുന്നത് (ത്വയ്യിബ്) എപ്പോഴാണ്? ഒന്ന്, അല്ലാഹു മനുഷ്യർക്ക് നിരോധിച്ചവ ഒഴിവാക്കുമ്പോൾ. ഉദാ: ശവം, പന്നിമാംസം, കൊള്ളചെയ്തത് എന്നിവ. ഇതൊന്നുമല്ലാത്ത, നല്ലതും മാന്യവുമാണെന്ന് ബാഹ്യദൃഷ്ടിയിൽ വിചാരിക്കുന്ന വസ്തുക്കൾ തന്നെ, സകാത്ത് കൊടുത്തു തീർക്കാത്തതാണെങ്കിൽ ആ സമ്പാദ്യം ത്വയ്യിബല്ല. അത് തിന്നുന്നതും മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതും തീറ്റിക്കുന്നതും ഉടുപ്പിക്കുന്നതും നിഷിദ്ധമാണ്.

സകാത്ത് കൊടുത്താൽ അത്രയും സമ്പാദ്യം കുറഞ്ഞു പോകുമെന്നാണ് പലരും ഭയപ്പെടുന്നത്. ഒന്നു നാം മനസ്സിലാക്കണം; സമ്പത്ത് നൽകുന്നവനും പിൻവലിക്കുന്നവനും അല്ലാഹുവാണ്. അല്ലാഹു നൽകിയതിന്റെ ഒരംശം അവന്റെ നിശ്ചയ പ്രകാരം നൽകിയില്ലെങ്കിൽ അതവന്ന് തിരിച്ചെടുക്കാൻ കഴിയുമെന്ന് നാം ഭയപ്പെടേണ്ടതല്ലേ? അല്ലാഹു നൽകിയ സമ്പത്തിൽ നാം നന്ദിചെയ്താൽ അത് വർധിപ്പിച്ചുതരുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. മാത്രമല്ല ധർമം നൽകുന്നവർക്ക് അതിന്റെ കുറവ് നികത്തിക്കൊടുക്കുവാൻ മലക്കുകൾ പ്രാർഥിച്ചുകൊണ്ടിരിക്കുമെന്ന് നബി(സ്വ) പഠിപ്പിക്കുന്നു. ഒരു വിശ്വാസിക്ക് ചിന്തിക്കാൻ ഇതിലധികം എന്തുവേണം?

നബി(സ്വ) പറയുന്നത് നോക്കുക: “നിഷിദ്ധമായ സമ്പാദ്യം കൊണ്ട് പോഷണം ലഭിച്ച ശരീരത്തിന്ന് സ്വർഗപ്രവേശനമില്ല.” ഈ അർഥത്തിൽ ധാരാളം നബിവചനങ്ങൾ ഉദ്ധരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ സൂറതു ത്തൗബ 34ാം വചനവും ഈ ആശയം ശരിവെക്കുന്നുണ്ട്:

“സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരി ക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.”

### ശുദ്ധീകരണം

അപ്പോൾ നമ്മുടെ സമ്പത്ത് എത്രയായാലും നാം തന്നെ ശുദ്ധീകരിച്ചേ പറ്റൂ. ഈ ശുദ്ധീകരണ പ്രവർത്തനമാണ് സകാത്ത് മുഖേന നടക്കുന്നത്. ജീവിതഗന്ധിയായ ഒരു ഉപമയിൽ കൂടി നമുക്കിത് ഗ്രഹിക്കാം. ഗൾഫിൽ നിന്ന് നട്ടിലേക്ക് വരുന്ന നമ്മുടെ ലഗേജിൽ കൂടെ ജോലിചെയ്യുന്ന സുഹൃത്ത് തന്റെ കുട്ടികൾക്കു കൊടുക്കാനായി ഒരു പെട്ടി ചോക്കലേറ്റ് തന്നയച്ചു എന്ന് സങ്കൽപിക്കുക. നമ്മുടെ പെട്ടി നിറയെ നമ്മുടെ കുടുംബത്തിന്നു മാത്രമുള്ള സാധനങ്ങളാണ്. ഒരു ചെറിയ പാക്കറ്റ് മാത്രം മറ്റൊരു കുടുംബത്തിന്റെതും. അതും കൂടി നാം അവർക്കുകൊടുക്കാതെ നമ്മുടെ മക്കൾക്ക് എടുത്തുകൊടുക്കുന്നത് എത്രയധികം അന്യായമാണ്! അല്ലാഹു മനുഷ്യർക്ക് നൽകിയ സമ്പാദ്യം ചെറിയൊരു വിഹിതമൊഴിച്ച് ബാക്കി നമുക്ക് മാത്രമാണ്. രണ്ടരശതമാനം, അഞ്ച് ശതമാനം, പത്ത് ശതമാനം എന്നിങ്ങനെ സമ്പാദ്യത്തിന്റെ സ്വഭാവമനുസരിച്ചുള്ള വിഹിതം നമ്മുടെ ബന്ധുക്കളിലും അയൽപക്കത്തും സമൂഹത്തിലുമുള്ള അഗതികൾക്കും ദരിദ്രർക്കും തിരിച്ചു കൊടുക്കാൻ വേണ്ടി അല്ലാഹു നമ്മെ ഏൽപിച്ചതാണ്. അത് കൊടുക്കാതിരിക്കുന്നത്, അല്ലെങ്കിൽ കൊടുക്കേണ്ട വിഹിതത്തിൽ കുറവു വരുത്തുന്നത് എന്തൊരപരാധമാണ്! കൃത്യമായി സകാത്ത് കൊടുക്കാതെ അല്ലാഹു നൽകിയ സമ്പത്ത് സ്വയം ഉപയോഗിക്കുന്നവൻ എത്ര അധമനാണ്! ‘സകാത്ത്’ എന്ന പദത്തിന്റെ അർഥം ‘ശുദ്ധീകരണം’ എന്നാണ്. പാവങ്ങളുടെ അവകാശം കൊടുത്തുതീർത്ത് ശുദ്ധീകരിക്കുക എന്നാണ് അതുകൊണ്ട് അർഥമാക്കുന്നത്.

### സകാത്ത് സമ്പത്തിന്റെ വളർച്ച

സകാത്ത് കൊടുത്താൽ അത്രയും സമ്പാദ്യം കുറഞ്ഞുപോകുമെന്നാണ് പലരും ഭയപ്പെടുന്നത്. ഒന്നു നാം മനസ്സിലാക്കണം; സമ്പത്ത് നൽകുന്നവനും പിൻവലിക്കുന്നവനും അല്ലാഹുവാണ്. അല്ലാഹു നൽകിയതിന്റെ ഒരംശം അവന്റെ നിശ്ചയ പ്രകാരം നൽകിയില്ലെങ്കിൽ അതവന്ന് തിരിച്ചെടുക്കാൻ കഴിയുമെന്ന് നാം ഭയപ്പെടേണ്ടതല്ലേ? നമ്മിൽനിന്ന് സകാത്ത് ലഭിക്കാനർഹരായ പാവങ്ങളുടെ

ദുരിതം കാണാതെ നാം അടിച്ചുപൊളിച്ച് ആഘോഷിക്കുന്നതുമൂലം അവരുടെ ശാപപ്രാർഥനക്ക് നാം ഇരകളാവില്ലേ? അല്ലാഹു നൽകിയ സമ്പത്തിൽ നാം നന്ദിചെയ്താൽ അത് വർധിപ്പിച്ചുതരുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. മാത്രമല്ല ധർമം നൽകുന്നവർക്ക് അതിന്റെ കുറവ് നികത്തിക്കൊടുക്കുവാൻ മലക്കുകൾ പ്രാർഥിച്ചുകൊണ്ടിരിക്കുമെന്ന് നബി(സ്വ) പഠിപ്പിക്കുന്നു. ഒരു വിശ്വാസിക്ക് ചിന്തിക്കാൻ ഇതിലധികം എന്തുവേണം?

സമ്പത്ത് ചലനാത്മകമാവുമ്പോഴാണ് അതിന്റെ ഗുണഫലം സമൂഹത്തിന്ന് ലഭിക്കുന്നത്. ഒരാൾ തന്റെ സമ്പാദ്യം കെട്ടിപ്പൂട്ടിവെക്കുമ്പോൾ അത് തനിക്കോ സമൂഹത്തിനോ പ്രയോജനപ്പെടാതെ നിർജീവമാവുന്നു. എന്നാൽ അത് വ്യാപാര വ്യവസായമായും ധർമമായും സമൂഹത്തിലേക്കിറങ്ങുമ്പോൾ അതിന്റെ പ്രയോജനം എല്ലാവരും അനുഭവിക്കുന്നു. തന്നിമിത്തം സമൂഹത്തിന്റെ എല്ലാവിഭാഗങ്ങൾക്കിടയിലും സമ്പത്ത് വിന്യസിക്കപ്പെടുന്നു. ഇത് ഉപയോഗം വർധിപ്പിക്കുന്നു. അതുകാരണം വർധനവുണ്ടാവുന്നു. സകാത്തിന്ന് സമ്പത്തിന്റെ വളർച്ച എന്നു കൂടി അർഥമുള്ളത് ശ്രദ്ധേയമാണ്.

## സംഘടിത സകാത്ത് സംവിധാനം

മേൽപറഞ്ഞ സാമ്പത്തിക ക്രമക്കേടുകളിൽ ഒരു വ്യക്തിയുടെ വിശ്വാസത്തെ (ഈമാനിനെ) ചോദ്യംചെയ്യുന്ന, അഥവാ മുസ്‌ലിം എന്ന് പൂർണാർഥത്തിൽ അവകാശപ്പെടാനുള്ള അർഹത നഷ്ടപ്പെടുന്ന വലിയ കുറ്റമാണ് സകാത്തിലെ വീഴ്ച. ഇസ്‌ലാം സകാത്തിനെ മുസ്‌ലിം സമൂഹത്തിന്റെ നിലനിൽപിന്റെ ഭാഗമായാണ് ഗണിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇസ്‌ലാമിന്റെ അഞ്ചുസ്തംഭങ്ങളിൽ ഒന്നാണത്. നബി(സ്വ)യുടെ നേതൃത്വത്തിൽ സാമൂഹ്യസംരംഭമായിട്ടാണ് സകാത്ത് നടത്തിപ്പിന്റെ ആരംഭം. പിന്നീട് രാജ്യത്തെ ഭരണവ്യവസ്ഥ രൂപപ്പെട്ടപ്പോൾ സകാത്ത് ഭരണകർത്താവിന്റെ ചുമതലയിലായി. സകാത്ത് കൊടുക്കാൻ വിസമ്മതിച്ചവരോട് ഖലീഫ അബൂബക്ർ(റ) യുദ്ധം പ്രഖ്യാപിച്ചത് ശ്രദ്ധേയമാണ്.

മുസ്‌ലിം സമൂഹത്തിൽ ഭരണകർത്താവിന്റെ മേൽനോട്ടത്തിൽ നടന്നിരുന്ന പല സാമൂഹ്യകാര്യങ്ങളും ഭരണം ഇല്ലാതെതന്നെ നിലനിന്നുവന്നു. എന്നാൽ കാലക്രമേണ സകാത്ത് എന്നത് ധനികന്മാർ പിച്ചപ്പാത്രത്തിൽ എറിഞ്ഞുകൊടുക്കുന്ന ‘ചക്കാത്ത്’ ആയി തരംതാഴ്ത്തപ്പെട്ടു. പുണ്യനാളിൽ പോലും കൂടുതൽ യാചകന്മാരെ സൃഷ്ടിക്കാനേ പിൽക്കാലത്ത് ഇത് പ്രയോജനപ്പെട്ടുള്ളൂ. ഈ സ്ഥിതിക്ക് മാറ്റം വന്നുതുടങ്ങിയത് മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തന ഫലമായാണ്. സമൂഹത്തിന്റെ നന്മ ആഗ്രഹിക്കുന്നവർ, അല്ലാഹുവിന്റെ ശിക്ഷ ഭയപ്പെടുന്നവർ എല്ലാവരും ഒന്നുചേർന്ന് ഈ രംഗത്ത് ഒരു മാറ്റത്തിന്ന് ശ്രമിക്കണം.

മുസ്‌ലിം സമൂഹത്തിൽ സകാത്ത് കൊടുക്കാൻ ബാധ്യസ്ഥരായ എത്രയോ പേരുണ്ട്. അവരുടെ പക്കൽ പണവുമുണ്ട്. അതിന്റെ അവകാശികൾ അതിന്റെ അത്യാവശ്യക്കാരായി നാട്ടിലും ധാരാളമുണ്ട്. ഇവിടെ പറയാതെ വയ്യ; ധനികന്മാർ സകാത്തായി ധാരാളം പണം കൊടുക്കുന്നുണ്ട്. അവ പക്ഷേ, സമൂഹത്തിലെ ദരിദ്രരുടെ പുനരധിവാസ മാർഗത്തിലല്ല എത്തുന്നത്, മറ്റു പലവഴിക്കും ചൂഷണം

മുസ്‌ലിം സമൂഹത്തിൽ ഭരണകർത്താവിന്റെ മേൽനോട്ടത്തിൽ നടന്നിരുന്ന പല സാമൂഹ്യകാര്യങ്ങളും ഭരണം ഇല്ലാതെതന്നെ നിലനിന്നുവന്നു. എന്നാൽ കാലക്രമേണ സകാത്ത് എന്നത് ധനികന്മാർ പിച്ചപ്പാത്രത്തിൽ എറിഞ്ഞുകൊടുക്കുന്ന ‘ചക്കാത്ത്’ ആയി തരംതാഴ്ത്തപ്പെട്ടു. പുണ്യനാളിൽ പോലും കൂടുതൽ യാചകന്മാരെ സൃഷ്ടിക്കാനേ പിൽക്കാലത്ത് ഇത് പ്രയോജനപ്പെട്ടുള്ളൂ. ഈ സ്ഥിതിക്ക് മാറ്റം വന്നുതുടങ്ങിയത് മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തന ഫലമായാണ്. സമൂഹത്തിന്റെ നന്മ ആഗ്രഹിക്കുന്നവർ, അല്ലാഹുവിന്റെ ശിക്ഷ ഭയപ്പെടുന്നവർ എല്ലാവരും ഒന്നുചേർന്ന് ഈ രംഗത്ത് ഒരു മാറ്റത്തിന്ന് ശ്രമിക്കണം.

ചെയ്യപ്പെടുകയാണ്. സംഘടിത സകാത്ത് കാര്യക്ഷമമായി നടപ്പിൽ വന്നാൽ ഇടനിലക്കാരായ ചൂഷണക്കാർക്ക് കുറെ നഷ്ടപ്പെടാനുണ്ട്. അത് കൊണ്ട് സംഘടിത സകാത്ത് സംഭരണ-വിതരണം എതിർക്കപ്പെടുന്നുമുണ്ട്.

മറ്റൊന്ന്, നബി(സ)യുടെ കാലത്തിൽ നിന്ന് വ്യത്യസ്തമായി സമ്പത്തിന്റെ രൂപവും ഘടനയും, ആദാന മാർഗങ്ങളും അളവുതൂക്കങ്ങൾവരെ ഇന്ന് മാറിയിട്ടുണ്ട്. അതിനാൽ ഇവ്വിഷയകമായി സംശയങ്ങളും ഭിന്നവീക്ഷണങ്ങളും സ്വാഭാവികമാണ്. എന്നാൽ സകാത്ത് കൊടുക്കണമെന്നതിൽ ആർക്കും തർക്കമില്ല. സംഘടിതമായി ചെയ്യണമെന്നഭിപ്രായമുള്ളവർക്ക് ഒന്നിക്കാം. ഈ വിഷയത്തിൽ ബോധവൽകരണം അനിവാര്യമാണ്. ■

ശമീർ മദീനി
: 9048 221 212



# ദമ്പതികൾ പരസ്പരം സ്നേഹാദരവുകൾ കാണിക്കുക

ദാമ്പത്യജീവിതത്തിൽ സന്തോഷവും സമാധാനവും കളിയാടണമെങ്കിൽ പരസ്പരസ്നേഹവും ബഹുമാനവും ആദരവും അനിവാര്യമാണ്. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിനെ മോശമായി കരുതേണ്ടതില്ല. അത് പൈശാചിക ചിന്തയാണ്. ഭാര്യാഭർതൃബന്ധം ശിഥിലമാക്കാൻ പിശാച് കിണഞ്ഞു പരിശ്രമിക്കുമെന്ന് നബി(സ്വ) പ്രത്യേകം ഉണർത്തിയിട്ടുണ്ട്. തന്നെക്കാൾ സമ്പത്തും സൗന്ദര്യവും കുടുംബമഹിമയും കുറവാണ് തന്റെ ഭർത്താവിന് അല്ലെങ്കിൽ ഭാര്യക്ക് എങ്കിൽ പോലും അത് സ്നേഹബഹുമാനാദരവുകൾക്ക് ഒരു തടസ്സമായിക്കൂടാ.

ഭർത്താവിന് നൽകിയ സ്ഥാനത്തെ ഭാര്യയെ നിന്ദിക്കലോ അപമാനിക്കലോ ഭർത്താവിന് അനർഹമായ സ്ഥാനം നൽകി വാഴ്ത്തലോ ആയി വ്യാഖ്യാനിക്കേണ്ടതില്ല. പുരുഷ മേധാവിത്വത്തിന്റെ അടയാളമായി അതിനെ വിലയിരുത്തേണ്ടതുമില്ല. ഒരു സ്ഥാപനത്തിൽ മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥരുമൊക്കെ ഉണ്ടാകും. അവരുടെ സ്ഥാനത്തിലും ഉത്തരവാദിത്തങ്ങളിലും അവർ പറ്റുന്ന വേതനത്തിലും മറ്റ് ആനുകൂല്യങ്ങളിലുമൊക്കെ അതനുസരിച്ചുള്ള ഏറ്റവ്യത്യാസങ്ങൾ സ്വാഭാവികമാണ്. അതിന്റെ പേരിൽ പരസ്പരം ശത്രുതയും 'ആരാണ് വലുത്' എന്ന് കാണിച്ചുകൊടുക്കാനുള്ള വ്യഗ്രതയും മത്സരവുമൊക്കെയാണ് അവിടെ നടക്കുന്നതെങ്കിൽ ആ സ്ഥാപനത്തിന്റെ അവസ്ഥയെന്തായിരിക്കും? എന്തൊന്നാണോ ആ സ്ഥാപനത്തിന്റെ ലക്ഷ്യം, അതുമാത്രം നടക്കാതെപോകും.

പ്രവാചകൻ(സ) പറഞ്ഞു: "സൃഷ്ടികളിൽ ആരെങ്കിലും മറ്റൊരു സൃഷ്ടിക്ക് സാഷ്ടാംഗം നമിക്കണമെന്ന് ഞാൻ കൽപിക്കുമായിരുന്നുവെങ്കിൽ ഭാര്യ തന്റെ ഭർത്താവിനു മുമ്പിൽ ശിരസ്സ് കുനിക്കണമെന്ന് കൽപിക്കുമായിരുന്നു" (തിർമുദി). അത്ര മാത്രം ബഹുമാനവും ആദരവും തന്റെ ഭർത്താവിന് ഭാര്യ നൽകണമെന്നാണ് ഈ വചനം നമ്മെ ഓർമിപ്പിക്കുന്നത്. നബി(സ) ഇതു പറയാൻ ഒരു പശ്ചാത്തലമുണ്ട്. മുആദ്(റ) സിറിയയിൽ നിന്ന് വന്നശേഷം നബി(സ)ക്ക് ആദരസൂചകമായി സാഷ്ടാംഗം ചെയ്തു. 'ഇതെന്താണ് മുആദേ' എന്നു ചോദിച്ച പ്രവാചകനോട് അദ്ദേഹം പറഞ്ഞത് 'സിറിയയിലെ ആളുകൾ അവരുടെ പണ്ഡിതന്മാരോടും നേതാക്കളോടും ബഹുമാനനാദരവുകൾ പ്രകടിപ്പിക്കാൻ ഇപ്രകാരം ചെയ്യാറുണ്ട്, അപ്രകാരം അങ്ങയെ ആദരിക്കാൻ ഞാനും ആഗ്രഹിച്ചുപോയി' എന്നാണ്. അപ്പോൾ അതിനെ വിലക്കിക്കൊണ്ട് നബി (സ) പറഞ്ഞതാണ് മേൽ വാചകങ്ങൾ (ഇബ്നുമാജ).

ഭർത്താവിന് നൽകിയ ഈ സ്ഥാനത്തെ ഭാര്യയെ നിന്ദിക്കലോ അപമാനിക്കലോ ഭർത്താവിന് അനർഹമായ സ്ഥാനം നൽകി വാഴ്ത്തലോ ആയി വ്യാഖ്യാനിക്കേണ്ടതില്ല. പുരുഷ മേധാവിത്വത്തിന്റെ അടയാളമായി അതിനെ വിലയിരുത്തേണ്ടതുമില്ല. ഒരു സ്ഥാപനത്തിൽ മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥരുമൊക്കെ ഉണ്ടാകും. അവരുടെ സ്ഥാനത്തിലും ഉത്തരവാദിത്തങ്ങളിലും അവർ പറ്റുന്ന വേതനത്തിലും മറ്റ് ആനുകൂല്യങ്ങളിലുമൊക്കെ അതനുസരിച്ചുള്ള ഏറ്റവ്യത്യാസങ്ങൾ സ്വാഭാവികമാണ്. അതിന്റെ പേരിൽ പരസ്പരം ശത്രുതയും 'ആരാണ് വലുത്' എന്ന് കാണിച്ചുകൊടുക്കാനുള്ള വ്യഗ്രതയും മത്സരവുമൊക്കെയാണ് അവിടെ നടക്കുന്നതെങ്കിൽ ആ സ്ഥാപനത്തിന്റെ അവസ്ഥയെന്തായിരിക്കും? എന്തൊന്നാണോ ആ സ്ഥാപനത്തിന്റെ ലക്ഷ്യം, അതുമാത്രം നടക്കാതെപോകും. മറിച്ച്, പരസ്പരം അംഗീകരിച്ചും ആദരിച്ചും സഹകരിച്ചുമാണ് പോകുന്നതെങ്കിലോ? സന്തോഷവും സംതൃപ്തിയും സ്നേഹവും ആദരവുമെല്ലാം എല്ലാവർക്കും അനുഭവിക്കാനും ആസ്വദിക്കുവാനും കഴിയും. പ്രസ്തുത സ്ഥാപനത്തിന്റെ ലക്ഷ്യനിർവഹണത്തിൽ മുന്നേറുവാനും സാധിക്കും. ഇതുപോലെയാണ് കുടുംബം എന്ന സ്ഥാപനവും.

ഒരു സ്ത്രീ തന്റെ ഭർത്താവിനെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നത് അവരുടെ അന്തസ്സിനെയും അഭിമാനത്തെയും കുറക്കുകയല്ല, വർധിപ്പിക്കുകയാണ് ചെയ്യുന്നത്. അത് അവരുടെ മതപരമായ ബാധ്യത കൂടിയാണ്. നബി (സ) പറയുന്നു: "ഒരു സ്ത്രീ അവളുടെ ഭർത്താവിനോടുള്ള ബാധ്യത നിർവഹിക്കുന്നതുവരേക്കും അവളുടെ രക്ഷിതാവിനോടുള്ള ബാധ്യത നിർവഹിച്ചവളാവുക യില്ല" (ഇബ്നുമാജ).

ഒരു ഭർത്താവ് തന്റെ ഭാര്യയെയും അപ്രകാരം അംഗീകരിക്കുകയും ആദരിക്കുകയും വേണം. അവളും തന്നെപ്പോലെ അസ്തിത്വവും വ്യക്തിത്വവുമുള്ളവളാണ്. അല്ലാഹുവിന്റെയടുക്കൽ ആദരിക്കപ്പെടുന്നവളാണ്. അതിനാൽ അവളെ അപമാനിക്കരുത്, ചീത്ത വിളിക്കരുത്. തന്റെ അർധഭാഗം എന്ന നിലയിൽ അവളെ കാണുവാനും അവളോട് നല്ലനിലയിൽ വർത്തിക്കുവാനും അവളുടെ അവകാശങ്ങളെല്ലാം വകവച്ചു കൊടുക്കുവാനും ഭർത്താവ് ബാധ്യസ്ഥനാണ് എന്നെല്ലാമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്."നിങ്ങളിൽ ഏറ്റവും ഉത്തമർ തങ്ങളുടെ ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവരാണ്" ( അബൂദാവൂദ്, തിർമുദി) എന്ന നബിവചനം ഓർക്കുക.



റാഷിദ ബിൻത് ഉസ്മാൻ

# നല്ല കൂട്ടുകാരൻ

അനസും അജ്മലും സുഹൃത്തുക്കളായിരുന്നു. ഒരു ദിവസം അവർ മദ്റസ വിട്ട് വീട്ടിലേക്ക് വരുന്ന സമയത്ത് വഴിയിൽ ഒരു 20 രൂപ നോട്ട് കിടക്കുന്നത് അജ്മലിന്റെ കണ്ണിൽ പെട്ടു.

"അനസേ, നോക്ക്. 20 രൂപ നോട്ടല്ലേ ആ കിടക്കുന്നത്?"

"എവിടെ?"

"ദാ, അങ്ങോട്ടു നോക്ക്."

അജ്മൽ ഓടിച്ചെന്ന് ആ പൈസ കൈയിലെടുത്തു.

"നമുക്ക് ഇതുകൊണ്ട് മിഠായി വാങ്ങിയാലോ?" അജ്മൽ ചോദിച്ചു.

"ഏയ്... അത് ശരിയല്ല, ഇത് ആരുടേതാണെന്ന് നമുക്ക് അറിയില്ലല്ലോ" അനസ് പറഞ്ഞു.

"അതിനെന്താ, ഇത് വെറും 20 രൂപ നോട്ടല്ലേ? ഒരുപാട് പൈസയൊന്നും ഇല്ലല്ലോ" അജ്മൽ നീരസത്തോടെ പറഞ്ഞു.

"നമുക്ക് ഇത് നിസ്സാര പൈസയായിരിക്കാം. എന്നാൽ ഇതിന്റെ ഉടമസ്ഥൻ വളരെ പാവപ്പെട്ട ഒരാളാണെങ്കിൽ അയാൾക്ക് ഈ 20 രൂപ വളരെ വലുതായിരിക്കും. അന്യന്റെ മുതൽ ആഗ്രഹിക്കരുതെന്നും അനർഹമായി ഒരാളുടെയും ഒരു പൈസ പോലും സ്വന്തമാക്കരുതെന്നും ഉസ്താദ് പഠിപ്പിച്ചത് നിനക്ക് ഓർമയില്ലേ?" അനസ് പറഞ്ഞു.

അന്നേരമാണ് ഒരു വൃദ്ധൻ ആ വഴിക്ക് വന്നത്. "മക്കളേ, നിങ്ങൾക്ക് ഈ വഴിയിൽ നിന്നെങ്ങാനും ഒരു 20 രൂപ നോട്ട് കിട്ടിയോ? ഭാര്യക്ക് മരുന്ന് വാങ്ങാനുള്ള പൈസയാണ്. കീശയിൽനിന്നും മൊബൈൽ എടുത്തപ്പോൾ ഇവിടെ എവിടെയോ വീണിട്ടുണ്ട് എന്നാണ് തോന്നുന്നത്. മരുന്ന് ഷാപ്പിൽ ചെന്നപ്പോഴാണ് 20 രൂപയുടെ കുറവ് കാണുന്നത്. മുഴുവൻ കാശുമില്ലാത്തതിനാൽ മരുന്ന് വാങ്ങാൻ കഴിഞ്ഞില്ല" ഇതും പറഞ്ഞ് നിറഞ്ഞ കണ്ണുകളോടെ ആ വൃദ്ധൻ നാലുപാടും കാശ് തിരഞ്ഞു.

"ഇതാ വല്ല്യപ്പാ നിങ്ങളുടെ കാശ്. ഞങ്ങൾക്ക് ഈ വഴിയിൽനിന്ന് കിട്ടിയതാ. ഇത് എന്തുചെയ്യുമെന്ന് ആലോചിക്കുമ്പോഴാണ് നിങ്ങൾ വന്നത്" അജ്മൽ വൃദ്ധനു നേരെ കാശ് നീട്ടിക്കൊണ്ട് പറഞ്ഞു.

"അൽഹംദുലില്ലാഹ്, നന്ദിയുണ്ട് മക്കളേ. നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ഉണ്ടാവട്ടെ" ഇങ്ങനെ പറഞ്ഞുകൊണ്ട് ആ വൃദ്ധൻ അവിടെനിന്നും പോയി.

അജ്മൽ അനസിനെ കെട്ടിപ്പിടിച്ചു. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

"അനസേ, നീ കൂടെയില്ലായിരുന്നെങ്കിൽ എനിക്ക് തെറ്റു പറ്റിപ്പോയേനെ. ഞാൻ അതുകൊണ്ട് മിഠായി വാങ്ങി തിന്നുമായിരുന്നു" അജ്മൽ പറഞ്ഞു.

"അത് സാരമില്ല. മനുഷ്യനെ തെറ്റു ചെയ്യാൻ പിശാച് പ്രേരിപ്പിക്കും. നമ്മൾ അതിൽ അകപ്പെടാതെ സൂക്ഷിക്കണം" അനസ് കൂട്ടുകാരനെ ആശ്വസിപ്പിച്ചു.

"അനസേ, നിന്നെപ്പോലെ ഒരു നല്ല കൂട്ടുകാരനെ കിട്ടിയതുകൊണ്ട് ഞാൻ ഒരു തെറ്റിൽ നിന്നും രക്ഷപ്പെട്ടു. നല്ലവരെ മാത്രം കൂട്ടുകാരായി തെരഞ്ഞെടുക്കണമെന്നും അല്ലെങ്കിൽ നമ്മൾ വഴി തെറ്റിപ്പോകുമെന്നും ഉസ്താദ് പഠിപ്പിച്ചത് വളരെ ശരിയാണ്" അജ്മൽ പറഞ്ഞു.

"അതെ, നബി(സ്വ) അങ്ങനെ പറഞ്ഞതായി ഉസ്താദ് പറഞ്ഞിരുന്നു."

അങ്ങനെ സന്തോഷത്തോടെ അവർ അവരുടെ വീടുകളിലേക്ക് മടങ്ങി. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# രണ്ടാം പതിപ്പ്
# പുറത്തിറങ്ങി




## സ്വഹാബികളുടെ സഹചാരികൾ

(2 വാല്യങ്ങൾ)

**അബ്ദുൽ ജബ്ബാർ അബ്ദുല്ല മദിനി**




1000 രൂപ വില വരുന്ന പുസ്തകം ഇപ്പോൾ

**വെറും 600 രൂപക്ക്**

നിങ്ങളുടെ കോപ്പികൾ ഇപ്പോൾ തന്നെ ഉറപ്പാക്കൂ

**WISDOM BOOKS AND PUBLICATIONS**

CV Complex, PV Swami Road, Chalappuram, Kozhikode 673002.

Mob: +91 7356766478 www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
01 March 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students

ഹൃദയം തുറക്കാം ക്വുർആൻ പഠിക്കാം



29 -ാമത്

# ക്വുർആൻ വിജ്ഞാന പരീക്ഷ

2025 മാർച്ച് 16

സിലബസ്

- സൂറ: അൽ അൻകബൂത്ത് (അദ്ധ്യായം 29)
- സൂറ: അർറൂം (അദ്ധ്യായം 30)
- സൂറ: ലുഖ്മാൻ (അദ്ധ്യായം 31)

മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വിവരണത്തിൽ നിന്ന്

1 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

For Registration, Scan QR Code
Or Visit **guide.wisdomislam.org**

പഠന ക്ലാസ്സുകൾക്ക് സന്ദർശിക്കുക..
WisdomGlobalTV

8156 812 292

CV Complex, PV Swami Road, Kozhikode
wisdomstudents wisdomglobaltv

peaceradio

WISDOM students
ധർമ സമരത്തിന്റെ വിദ്യാർത്ഥി കാലം

KERALA STUDENTS CONFERENCE

2025 മെയ് 11
പെരിന്തൽമണ്ണ